# ആരോഗ്യ കേരളം

JANUARY 2024

follow us on /arogyakeralam https://arogyakeralam.gov.in





## "ചരിത്രം! മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 270 തസ്തികകൾ 42 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ"

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 270 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭായോഗം അനുമതി നൽകി. 262 അധ്യാപക തസ്തികകളും 8 അനധ്യാപക തസ്തികകളുമാണ് സൃഷ്ടിച്ചത്. ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും അധ്യാപക തസ്തികകൾ ഒരുമിച്ച് സൃഷ്ടിക്കുന്നത്. തിരുവനന്തപുരം 25, കൊല്ലം 29, കോന്നി 37, ആലപ്പുഴ 8, കോട്ടയം 4, എറണാകുളം 43, ഇടുക്കി 50, തൃശൂർ 7, മഞ്ചേരി 15, കോഴിക്കോട് 9, കണ്ണൂർ 31, കാസർഗോഡ് 1 എന്നിങ്ങനെ മെഡിക്കൽ കോളേജുകളിലും അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിങ് സെന്ററിൽ (ATELC) 3 അധ്യാപക തസ്തികകളും കോന്നി 1, ഇടുക്കി 1, അറ്റെൽക് 6 എന്നിങ്ങനെ അനധ്യാപക തസ്തിക കളുമാണ് സൃഷ്ടിച്ചത്. എല്ലാ മെഡിക്കൽ കോളേജുകളിലേയും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ കൂടുതൽ ശക്തമാക്കാൻ ഇത് സഹായിക്കും.

തിരുവനന്തപുരം, കൊല്ലം, കോന്നി, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, മഞ്ചേരി, കോഴിക്കോട്, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി 42 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിനായുള്ള തസ്തികകൾ സൃഷ്ടിച്ചു. സംസ്ഥാനത്ത് ആദ്യമായി ക്രിട്ടിക്കൽ കെയർ മെഡിസിൻ, മെഡിക്കൽ ജനറ്റിക്സ്, ജറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ ആരംഭിക്കുന്നതിനായും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് ഈ വിഭാഗങ്ങൾ ആരംഭിക്കാനുള്ള തസ്തികകൾ സൃഷ്ടിച്ചത്. കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജിലും ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ ആരംഭിക്കുന്നു.

## നടന്ന് പരിശീലിക്കാൻ ജീ ഗെയ്റ്ററുമായി ജനറൽ ആശുപത്രി

**തിരുവനന്തപുരം** : നട്ടെല്ലിന് പരിക്കേറ്റോ പക്ഷാഘാതം മൂലമോ നടക്കാൻ കഴിയാത്തവരെ നടക്കാൻ പരിശീലിപ്പിക്കുന്ന അത്യാധുനിക റോബോട്ടിക് മെഡിക്കൽ ഉപകരണവുമായി തിരുവനന്തപുരം ജനറൽ ആശുപത്രി. കേരളത്തിന്റെ സ്വന്തം സ്റ്റാർട്ടപ്പായ ജെൻറോബോട്ടിക്സ് ആണ് ജീ ഗെയ്റ്റർ എന്ന റോബോട്ടിക് ഉപകരണം വികസിപ്പിച്ചിരിക്കുന്നത്.

മാലിന്യക്കുഴികൾ വൃത്തിയാക്കുന്നതിനിടെ അപകടത്തിൽപ്പെടുന്നതിന്റെ വാർത്തകൾ പതിവാകുന്നതിനിടെയാണ് കേരളത്തിൽനിന്നുള്ള ഒരു സംഘം ചെറുപ്പക്കാർ ജെൻറോബോട്ടിക്സ് എന്ന സ്ഥാപനം തുടങ്ങുന്നതും മാലിന്യക്കുഴി വൃത്തിയാക്കാൻ യന്ത്രമനുഷ്യനെ അവതരിപ്പിക്കുന്നതും. ഇവർ അവതരിപ്പിച്ച റോബോട്ടിക് ഉപകരണം പിന്നീട് പല സംസ്ഥാനങ്ങളും ഏറ്റെടുത്തു. ഇത്തരത്തിൽ രാജ്യശ്രദ്ധ നേടിയ ജെൻറോബോട്ടിക്സിന്റെ ഏറ്റവും പുതിയ ഉപകരണമാണ് ജീ ഗെയ്റ്റർ.

അപകടത്തിൽപെട്ടും മറ്റു ആരോഗ്യകാരണങ്ങളാലും നടക്കാൻ കഴിയാത്തവർക്ക് സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരുന്നതിന് സഹായകരമാകുന്ന ഉപകരണമാണ് ഇവർ വികസിപ്പിച്ചിരിക്കുന്നത്. സാധാരണഗതിയിൽ ഇരുമ്പു ദണ്ഡുകളിൽ പിടിച്ച് നടത്തിച്ചുകൊണ്ടുള്ള ഫിസിയോതെറാപ്പിയാണ് നൽകാറുള്ളത്. എന്നാൽ, ഇതിൽ പലരീതിയിലുള്ള ബുദ്ധിമുട്ടും ആളുകൾക്കുണ്ടാകാറുണ്ട്. ഈ രീതിയിൽനിന്നും കൂടുതൽ എളുപ്പത്തിൽ തെറാപ്പി നടത്തുന്നതിന് സഹായകമാകുന്ന ഉപകരണമാണ് ജി ഗെയ്റ്റർ. 1.86കോടി മുടക്കി കെ ഡിസ്ക് ആണ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഈ ഉപകരണം സ്ഥാപിച്ചിരിക്കുന്നത്. വൈകാതെ സംസ്ഥാനത്തെ മറ്റു മെഡിക്കൽ കോളജ് ആശുപത്രികളിൽ ഉൾപ്പെടെ ജി ഗെയ്റ്റർ സ്ഥാപിക്കും. ഒരു ദിവസം 16 രോഗികൾക്ക് 20 മിനുട്ട് വീതം പരസഹായമില്ലാതെ ഈ യന്ത്രം ഉപയോഗിച്ച് നടന്നു പരിശീലിക്കാനാകും.

വീൽ ചെയറിലിരുത്തിയശേഷം ട്രാമ്പ് വഴിയാണ് രോഗികളെ ഉപകരണവുമായി കയറ്റുന്നത്. പിന്നീട് വീൽചെയർമാറ്റി ഉപകരണവുമായി രോഗിയെ ബന്ധിപ്പിക്കും. യന്ത്രം നിയന്ത്രിക്കാൻ ഒരാളുണ്ടാകും. കൃത്യമായ സുരക്ഷ ഉറപ്പാക്കിയാണ് യന്ത്രം പ്രവർത്തിപ്പിക്കുന്നത്. ഡ്രഗ് കൺട്രോൾ ബോർഡിന്റെ അംഗീകാരവും നേടിയിട്ടുണ്ട്. നടക്കാൻ കഴിയാത്ത രോഗിയെ സാധാരണ ജീവിതത്തിലേക്ക് എളുപ്പത്തിൽ തിരിച്ചു കൊണ്ടുവരാൻ കഴിയുന്ന അതിനൂതന ഉപകരണമാണിത്.



ജനറൽ ആശുപത്രിയിൽ സജ്ജമാക്കിയിരിക്കുന്ന ജീ ഗെയ്റ്റർ

# അഭിമാന നിറവിൽ പൂക്കോട്ടുകാവ് കുടുംബാരോഗ്യകേന്ദ്രം

**പാലക്കാട്:** രോഗപ്രതിരോധത്തിലൂടെ പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിന് ആരോഗ്യ സ്ഥാപനങ്ങളെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ ആർദ്രം മിഷന് കീഴിൽ ഗുണമേന്മയുള്ള പൊതുജനാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിലും തദ്ദേശഭരണ സ്ഥാപനവുമായി ചേർന്ന് കൂട്ടായി നടപ്പിലാക്കുന്ന വിവിധ സേവന, ബോധവൽക്കരണ പരിപാടികളുടെ കാര്യത്തിലും പാലക്കാട് ജില്ലയിൽ മികവോടെ മുൻപന്തിയിൽ നിൽക്കുന്ന ആരോഗ്യ സ്ഥാപനമാണ് പൂക്കോട്ടുകാവ് കുടുംബാരോഗ്യ കേന്ദ്രം.

1978 ലാണ് പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിച്ചിരുന്ന കെട്ടിടം 2020 ഒക്ടോബറിൽ എംഎൽഎ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഇരുനില കെട്ടിടത്തിലേക്ക് മാറി. ഒപ്പം തന്നെ ആർദ്രം മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഏകീകൃത രൂപത്തിലേക്ക് എത്തിക്കുന്നതിനുള്ള പ്രവൃത്തികളുടെ ഭാഗമായി പ്രൈമറി വെയിറ്റിംഗ് ഏരിയയിൽ കൗണ്ടറും പ്രാഥമിക പരിശോധന മുറിയും സജ്ജീകരിച്ചു. ഒ പി മുറികളും നിരീക്ഷണ മുറിയും ക്രമീകരിച്ചു. കൂടാതെ ലാബിനും ഫാർമസിക്കും വേണ്ട സൗകര്യങ്ങളും സജ്ജമാക്കി. പ്രതിരോധ കുത്തിവെപ്പിനും ഐ യു ഡി ക്കും വേണ്ട മുറികൾ നവീകരിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തുമായി ചേർന്ന് ഏറെ ശ്രദ്ധേയമായ ആരോഗ്യ പരിപാടികൾ ആണ് ഇവിടെ നടപ്പിലാക്കി വരുന്നത്. വയോജന, പാലിയേറ്റീവ് ക്ഷേമത്തിനുള്ള 'ഒപ്പം', പഞ്ചായത്ത് പരിധിയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള 'ഹരിതം', പോഷണ ബോധവൽക്കരണത്തിന്റെ ഭാഗമായുള്ള 'പോഷക സമൃദ്ധം പൂക്കോട്ടുകാവ്', ദമ്പതികൾ ഗർഭിണികൾ എന്നിവരുടെ ആരോഗ്യ സംബന്ധമായ പരിപാടി 'യുമ്മം പൂക്കോട്ടുകാവ്", പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കുള്ള 'തൂവൽ സ്പർശവും' 'തണൽ ബക്കറ്റും' വിദ്യാർത്ഥികളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഉറവിട നശീകരണ ക്യാമ്പയിൻ 'സീറോ ഈഡിസ്', സൗജന്യ യോഗ പരിശീലന പരിപാടി 'ചേതന യോഗ ക്ലബ്ബ്', കേൾവി കുറവുള്ളവർക്കായി നടപ്പാക്കുന്ന 'ശ്രവണ മാധുര്യം' പരിപാടി എന്നിങ്ങനെ വൈവിധ്യങ്ങളാർന്ന ജനകീയ പരിപാടികളാണ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇവിടെ നടന്നുവരുന്നത്. മികവുകൾക്ക് മാറ്റുകൂട്ടി ഏറെ അംഗീകാരങ്ങളും പൂക്കോട്ടുകാവ് കുടുംബാരോഗ്യ കേന്ദ്രത്തെ തേടിയെത്തി. ISO9001 അംഗീകാരം, NQAS സർട്ടിഫിക്കേഷൻ, കായകല്പം അവാർഡ് എന്നിവ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ലഭിച്ചു. ജനകീയ പദ്ധതികളും ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങളുമായി അഭിമാന നിറവിൽ തലയുയർത്തി നിൽക്കുകയാണ് പൂക്കോട്ടുകാവ് കുടുംബാരോഗ്യ കേന്ദ്രം.



പൂക്കോട്ടുകാവ് കുടുംബാരോഗ്യകേന്ദ്രം

## ആരോഗ്യനേട്ടങ്ങളും സ്വപ്നങ്ങളും പങ്കുവെച്ച് ഹെൽത്ത് കോൺക്ലേവ്



**കോട്ടയം:** ജില്ലയിലെ ആരോഗ്യരംഗത്തെ നേട്ടങ്ങളും ഭാവിയിലേക്കുള്ള സ്വപ്നങ്ങളും പങ്കുവെച്ച് ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ നവകേരള സദസ്സിൽ ആരോഗ്യ കോൺക്ലേവ് സംഘടിപ്പിച്ചു. കോട്ടയം മെഡിക്കൽ കോളേജ് കോമ്പൗണ്ടിലെ നഴ്സിങ് കോളേജ് ഓഡിറ്റോറിയത്തിൽ ആണ് "ആരോഗ്യ നവകേരളം, ഇന്നലെ, ഇന്ന്, നാളെ" എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചത്.

കോട്ടയം മെഡിക്കൽ കോളേജിന്റെ മികവ് കൊണ്ട് ആരോഗ്യ ചികിത്സാരംഗത്ത് ഒരുപാട് മുന്നേറ്റങ്ങൾ നടത്താൻ സാധിച്ചു. അതോടൊപ്പം ഒരു സമഗ്ര മാനസിക ആരോഗ്യകേന്ദ്രം കൂടി മധ്യ കേരളത്തിൽ സാധ്യമാക്കണമെന്ന് അഭിപ്രായം ഉണ്ടായി.

മെഡിക്കൽ കോളേജ് സൂപ്രണ്ട്, മറ്റ് വിഭാഗ മേധാവികൾ, ജില്ലാ കളക്ടർ, വിവിധ പഞ്ചായത്തിലെ ജനപ്രതിനിധികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.



ക്രിസ്മസ് ദിനത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ സംഘടിപ്പിച്ച നവജാത ശിശുക്കളുടെ സംഗമം

## നവജാത ശിശുക്കളുടെ സംഗമവേദിയിൽ കിഡ്സ്മസ് ( KIDSMAS ) ആഘോഷം

**കോട്ടയം:** കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം കൂടുതൽ മെച്ചപ്പെട്ടപ്പോൾ പ്രതിമാസ പ്രസവങ്ങളുടെ എണ്ണത്തിലും വർദ്ധന. പ്രതിമാസം 40 പ്രസവങ്ങൾ നടന്നിരുന്ന ആശുപത്രിയിൽ സെപ്റ്റംബർ മാസം മുതൽ 100-110 പ്രസവങ്ങൾ പ്രതിമാസം നടക്കുന്നു. കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ സമീപത്തുള്ള കർഷക കൂട്ടായ്മ ഈ മാറ്റങ്ങൾ ആഘോഷമാക്കുവാൻ തീരുമാനിക്കുകയും ക്രിസ്മസ് ദിനത്തോടനുബന്ധിച്ച് 1 മാസം മാത്രം പ്രായമുള്ളതും ആശുപത്രിയിൽ ജനിച്ചതുമായ 50ഓളം നവജാത ശിശുക്കളുടെ സംഗമവും സംഘടിപ്പിച്ചു.

സർക്കാർ ആശുപത്രിയിലെ പ്രസവ സേവനങ്ങൾ പൊതുജനങ്ങൾ കൂടുതലായി ഉൾക്കൊള്ളുന്നതിനായാണ് ഇത്തരം വേദി സംഘടിപ്പിച്ചത്. നവജാത കുഞ്ഞുങ്ങൾക്ക് ക്രിസ്മസ് സമ്മാനവും, ഉടുപ്പും കാഞ്ഞിരപ്പള്ളിയിലെ വിവിധ കട ഉടമകൾ സ്പോൺസർ ചെയ്തു. ഗവ. ചീഫ് വിപ്പ് പ്രൊഫസർ എൻ ജയരാജ്, കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ മാർ പുളിക്കൻ, മറ്റ് ജനപ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

"ആരോഗ്യത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ട ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. പൊതുജന പങ്കാളിത്തത്തോടെയുള്ള ഒരു ആരോഗ്യ സംസ്കാരം വളർത്തിയെടുക്കുക എന്നതാണ് കൊവിഡ് ഉൾപ്പെടെയുള്ള മഹാമാരികൾ നമ്മളെ ഓർമ്മിപ്പിച്ചത്. ഇതിനായി ആരോഗ്യ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം ആരോഗ്യ അറിവുകളും ബോധവത്കരണ പ്രതിരോധ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ട്. ജനകീയ ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആരോഗ്യസ്ഥാപനങ്ങൾ ആരോഗ്യ ബോധവത്കരണത്തിനുള്ള ഇടങ്ങൾ കൂടിയാണ്. ഇത് ശക്തിപ്പെടുത്താൻ നമ്മൾ ഉൾപ്പെടുന്ന ഓരോ ആരോഗ്യപ്രവർത്തകർക്കും സാധിക്കണം . ആരോഗ്യമുള്ള ഒരു നാട് പടുത്തുയർത്താൻ നമുക്ക് പരിശ്രമിക്കാം. ആരോഗ്യത്തോടെയുള്ള ഒരു പുതുവർഷം ആശംസിക്കുന്നു."



**ജീവൻ ബാബു ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ
ആരോഗ്യകേരളം

"ആരോഗ്യ സംരക്ഷണം ഒരു ശീലമാക്കി മാറ്റിയെടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. നമ്മുടെ സുസജ്ജമായ പൊതുജനാരോഗ്യ സംവിധാനത്തോടൊപ്പം ശക്തമായൊരു ആരോഗ്യ സംരക്ഷണ സംസ്കാരം കൂടി രൂപപ്പെടുത്തിയെടുത്താൽ മാത്രമേ ജീവിതശൈലി രോഗങ്ങളെയും പകർച്ചവ്യാധികളെയും ഫലപ്രദമായി തടഞ്ഞു നിർത്തുന്നതിൽ നാം പൂർണമായും വിജയിക്കുകയുള്ളു.

അനാരോഗ്യകരമായ പഴയ ശീലങ്ങൾ മാറ്റാനും പുതിയ നല്ല ശീലങ്ങൾ ആരംഭിക്കാനും അനുയോജ്യമായ സമയമാണ് ഈ പുതുവത്സരം.. രോഗം വന്ന് ചികിൽസിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുന്നതാണെന്ന് തിരിച്ചറിയുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്ന ഒരു സമൂഹമായി നമുക്ക് മാറാം... പുതുവർഷത്തിലെ നമ്മുടെ ഓരോ ചുവടും ആരോഗ്യത്തോടെയുള്ളതായിരിക്കട്ടെ... ഏവർക്കും പുതുവത്സരാശംസകൾ."



**ഡോ. റീന കെ ജെ**
ഡയറക്ടർ
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്

# സാന്ത്വന പരിചരണത്തിൽ മാതൃകയായി അരിക്കുളം ഗ്രാമപഞ്ചായത്ത്

**കോഴിക്കോട്** : സാന്ത്വന പരിചരണത്തിൽ മാതൃകാപരമായ പ്രവർത്തനമാണ് കോഴിക്കോട് അരിക്കുളം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 1 കോടി 16 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിലാണ് സാന്ത്വനപരിചരണ പരിപാടികൾ നടന്നുവരുന്നത്. പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് ഈ കെട്ടിടത്തിന്റെ താഴെ നിലയിൽ 50 ലക്ഷം രൂപ ചെലവഴിച്ച് പാലിയേറ്റീവ് കെയർ ബ്ലോക്കും ഒന്നാം നിലയിൽ 66 ലക്ഷം ചെലവഴിച്ച് മാതൃകാപരമായ ഫിസിയോതെറാപ്പി യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.

അരിക്കുളം ഗ്രാമപഞ്ചായത്തിന്റെയും കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും കീഴിൽ പാലിയേറ്റീവ് പ്രവർത്തനം ആരംഭിച്ചത് 2010 ലാണ്. 1443 പേർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 243 രോഗികൾക്ക് വീടുകളിൽ എത്തി പരിചരണം നൽകുന്നു. ഡോക്ടർമാർ ഹോം കെയർ, ഫിസിയോതെറാപ്പി, സെക്കണ്ടറി ഹോം കെയർ എന്നിവ നടത്തിവരുന്നു. വാർഡ് മെമ്പർമാർ, ആശാവർക്കർമാർ, വളണ്ടിയർമാർ, ആരോഗ്യപ്രവർത്തകർ ഇവരൊക്കെ ഹോം കെയർ പ്രവർത്തനത്തിൽ സജീവമായി പങ്കാളികളാകുന്നു.

രോഗികൾക്കാവശ്യമായ എയർ ബെഡ്, വാക്കർ, വീൽ ചെയർ, വോക്കിങ് സ്റ്റിക്ക്, ഓക്സിജൻ കോൺസെൻട്രേറ്റർ, ഓക്സിജൻ സിലിണ്ടർ, സക്ഷൻ അപ്പാരറ്റസ്, ബാക് റസ്റ്റ്, നെബുലൈസർ, പൾസ് ഓക്സിമീറ്റർ, കട്ടിൽ എന്നിവ നൽകി വരുന്നു. ഇവ പാലിയേറ്റീവ് പദ്ധതി വഴിയും സുമനസ്സുകളിൽ നിന്നുള്ള സംഭാവന വഴിയുമാണ് ലഭ്യമാക്കുന്നത്.

2022-2023 പഞ്ചായത്ത് പദ്ധതി പ്രകാരം 8,25,000/- രൂപ വകയിരുത്തി മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്ക് പുറമെ കിടപ്പുരോഗികൾക്കുള്ള മരുന്ന്, ഡയാലിസിസ് രോഗികൾക്കുള്ള മരുന്ന്, ഇഞ്ചക്ഷൻ മുതലായവ വാങ്ങി നൽകിവരുന്നു. എല്ലാ വർഷവും പാലിയേറ്റീവ് സംഗമവും പാലിയേറ്റീവ് ദിനാചരണവും നടത്തിവരുന്നു. 2022-2023 പാലിയേറ്റീവ് ദിനാചരണത്തിന്റെ ഭാഗമായി കാൻസർ രോഗികൾക്കായി 24 പേർ കേശദാനം നടത്തി. പാലിയേറ്റീവ് സംഗമം, ഓണം എന്നിവയോടനുബന്ധിച്ച് രോഗികൾക്ക് അവശ്യ സാധനങ്ങളുടെ കിറ്റ് സ്പോൺസർഷിപ്പിലൂടെ വിതരണം ചെയ്തു. എല്ലാ കിടപ്പുരോഗികൾക്കും വീട്ടിലെത്തി കോവിഡ് വാക്സിനേഷൻ നൽകിയിട്ടുണ്ട്.വാർഡ് ആരോഗ്യകേന്ദ്രം വഴി രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകിവരുന്നു.

പാലിയേറ്റീവ് രോഗികളുടെ പുനഃരധിവാസ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് രോഗികൾക്കു തൊഴിൽ പരിശീലനം നടത്തുന്നതിനു ആശുപത്രിയിൽ സൗകര്യങ്ങൾ ഒരുക്കൽ, രോഗികൾക്ക് മനസികാരോഗ്യത്തിനാവശ്യമായ പ്രവർത്തനങ്ങൾ, ലിംഫിഡിമ ക്ലിനിക്, പക്ഷാഘാത രോഗികൾക്കുള്ള ക്ലിനിക് എന്നിവയാണ് ഭാവി പ്രവർത്തനങ്ങൾ.

# അമ്മയ്ക്കായി പദ്ധതിയ്ക്ക് തുടക്കമായി



കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 'അമ്മയ്ക്കായി' പദ്ധതി ഗവണ്മെന്റ് വിക്ടോറിയ ആശുപത്രിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഗോപൻ പദ്ധതിയുടെ ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം** : കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 'അമ്മയ്ക്കായി' പദ്ധതിക്ക് ഗവണ്മെന്റ് വിക്ടോറിയ ആശുപത്രിയിൽ തുടക്കമായി .ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഗോപൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ പ്രസവത്തിനു വിധേയരാകുന്ന എല്ലാ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും സാധന സാമഗ്രികൾ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതിയാണ് 'അമ്മയ്ക്കായി'. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ആവശ്യമായ ബെഡ് ഷീറ്റ്, നൈറ്റി, വെള്ള ഉടുപ്പ്, മുണ്ട്, ബേബി ടവൽ, സാനിറ്ററി പാഡ് തുടങ്ങിയവ ഉൾപ്പെടെ 13 ഇന സാധനങ്ങൾ ഉൾപ്പെടുന്ന കിറ്റാണ് തികച്ചും സൗജന്യമായി വിതരണം ചെയ്യുന്നത്. 3000 രൂപയുടെ കിറ്റാണ് പദ്ധതിയിലൂടെ സൗജന്യമായി നൽകുന്നത്. 35 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തു വകയിരുത്തിയത് . ആവശ്യമെങ്കിൽ കൂടുതൽ തുക വകയിരുത്തുമെന്നും എ.പി.എൽ, ബി.പി.എൽ ഭേദമന്യേ എല്ലാ വിഭാഗത്തിൽ ഉള്ള ആളുകൾക്കും പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതാണെന്നും ജില്ല പഞ്ചായത്ത് പ്രസിഡന്റ് യോഗത്തിൽ അറിയിച്ചു.

# ആദിവാസി ഊരുകളിൽ മികച്ച ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ വാളംതോട് ട്രൈബൽ ഹബ് (സബ്സെന്റർ)

**മലപ്പുറം:** നിലമ്പൂരിലെ ആദിവാസി ഊരുകളിലെ ജനതയുടെ ആരോഗ്യം ഉറപ്പാക്കാനായി വാളംതോട് ട്രൈബൽ ഹബ് (സബ്സെന്റർ) പ്രവർത്തനം തുടങ്ങി. ചാലിയാറിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടെ കാത്തിരുന്ന വാളംതോട് ട്രൈബൽ ഹബ്(സബ്സെന്റർ) ആണ് യാഥാർത്ഥ്യമായത്. എൻഎച്ച്എം ഫണ്ട് 67 ലക്ഷം രൂപ ചെലവഴിച്ചാണ് ചാലിയാർ പഞ്ചായത്തിലെ വാളാംതോടിൽ പദ്ധതി നടപ്പിലാക്കുന്നത്. ചാലിയാർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സേവന പരിധിയിലുള്ള വാളാംതോട്, കേന്ദ്രത്തിൽ നിന്നും 20 കിലോമീറ്റർ അകലെയാണ് സ്ഥിതിചെയ്യുന്നത്. വളാംതോട് പ്രദേശവാസികൾക്ക് ആരോഗ്യസേവനങ്ങൾ ലഭ്യമാകുന്നതിന് ഇത്രയും ദൂരം യാത്ര ചെയ്യേ ദുരവസ്ഥയാണ് നിലവിലുള്ളത്. കോഴിക്കോട് മെഡിക്കൽ കോളജ് മാത്രമാണ് ആശ്രയിക്കാവുന്ന മറ്റൊരിടം.

'ട്രൈബൽ ഹബ്'(സബ് സെന്റർ) യാഥാർത്ഥ്യമാകുന്നതോടെ ആരോഗ്യ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി ജനങ്ങളിലെത്തിക്കാൻ കുടുംബാരോഗ്യകേന്ദ്രത്തിന് സാധിക്കും. ഇതിന്റെ സേവനം 8-ാം ബ്ലോക്ക് മുതൽ പ്രാക്തന ഗോത്രവർഗ്ഗ കോളനിയായ സുപ്രീംകോളനി വരെയുള്ള മുഴുവൻ ആളുകൾക്കും ലഭ്യമാകും.കൂടാതെ ചാലിയാർ പഞ്ചായത്തിന്റെ രണ്ടാം വാർഡിന്റെ ഭാഗമായ വനത്തിനുള്ളിലെ അമ്പുമല കോളിനികളിലെ നിവാസികൾക്കും ട്രൈബൽ ഹബിലൂടെ സേവനം ലഭ്യമാകും.

ട്രൈബൽ ഹബ് പ്രവർത്തനമാരംഭിക്കുന്നതോടെ ദൂരം, വാഹന ദൗർലഭ്യം, സാമ്പത്തിക പ്രയാസം എന്നിവ മൂലം ആരോഗ്യ സേവനങ്ങളിൽ പരിമിതി നേരിടുന്ന ആദിവാസി വിഭാഗങ്ങൾ ഏറ്റവും മികച്ച പരിചരണം ലഭ്യമാക്കുന്നതിന് സാധിക്കുന്നു. കൂടുതൽ പരിശോധനാ ദിനങ്ങൾ ഇതിലൂടെ സാധ്യമാകുന്നു. ഇതിലൂടെ ആരോഗ്യ പരിചരണം കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുന്നു. പദ്ധതിയുടെ ശിലാസ്ഥാപനം ഏറനാട് എംഎൽഎ പി കെ ബഷീർ നിർവഹിച്ചു. ചടങ്ങിൽ ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി കെ മനോഹരൻ അധ്യക്ഷനായി. ചടങ്ങിൽ ചാലിയാർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗീത ദേവദാസ്, ആരോഗ്യസ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സുമയ്യ പൊന്നാംകടവൻ, വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ തോണിയിൽ സുരേഷ്, ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ബീന നടുവത്താണി , വാർഡുമെമ്പർമാർ, ഡിഎംഒ ആർ രേണുക, ചാലിയാർ കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ഇ ആയിഷ കുട്ടി തുടങ്ങിയവർ പങ്കെടുത്തു.



വാളംതോട് ട്രൈബൽ ഹബ് (സബ്സെന്റർ) പദ്ധതിയുടെ ശിലാസ്ഥാപനം ഏറനാട് എംഎൽഎ പി കെ ബഷീർ നിർവഹിക്കുന്നു.



## ചിൽഡ്രൻസ് പാർക്കൊരുക്കി
# എലൂർ കുടുംബാരോഗ്യകേന്ദ്രം

**എറണാകുളം** : കുട്ടികളുടെ മാനസിക ഉല്ലാസം ലക്ഷ്യമിട്ട് ആകർഷകമായ ചിൽഡ്രൻസ് പാർക്ക് ഒരുക്കി എലൂർ കുടുംബാരോഗ്യകേന്ദ്രം. എലൂർ നഗരസഭയിൽ സ്ഥിതി ചെയ്യുന്ന കേന്ദ്രത്തിലാണ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ സഹായത്തോടെ പാർക്കൊരുക്കിയത്.

2018ലെ പ്രളയത്തിൽ പൂർണമായും മുങ്ങിപ്പോയ ആരോഗ്യകേന്ദ്രമായിരുന്നു എലൂർ പ്രാഥമികാരോഗ്യകേന്ദ്രം. സി എസ് ആർ ഫണ്ടും ദേശീയ ആരോഗ്യദൗത്യം ഫണ്ടും ഉപയോഗിച്ചാണ് ആധുനികമായ സൗകര്യങ്ങളോടെ ആരോഗ്യകേന്ദ്രത്തെ നവീകരിച്ച് കുടുംബാരോഗ്യകേന്ദ്രമാക്കിയത്. 4.28 കോടി രൂപയുടെ വികസനമാണ് ഇതിലൂടെ സാധ്യമായത്.

ജീവിതശൈലീരോഗനിയന്ത്രണത്തിന്റെ ഭാഗമായി മുനിസിപാലിറ്റി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ചിൽഡ്രൻസ് പാർക്ക് സാധ്യമാക്കിയത്. പരിമിതമായ സ്ഥലമാണ് ആശുപത്രിക്ക് ഉള്ളതെങ്കിലും ജിമ്മും ചെറിയ കളിസ്ഥലവും ഒരുക്കി മെച്ചപ്പെട്ട സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളിലാണ് ആരോഗ്യകേന്ദ്രം. ജീവിതശൈലി രോഗബോധവത്കരണം, കുട്ടികളുടെ മാനസിക ഉല്ലാസം ഉറപ്പുവരുത്തുക തുടങ്ങിയ ആശയങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.



എലൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ ഒരുക്കിയിരിക്കുന്ന ചിൽഡ്രൻസ് പാർക്ക്

# വൃക്ക രോഗികൾക്ക് കൈത്താങ്ങായി

## ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കനിവ് പദ്ധതി

**കണ്ണൂർ** : ജീവിതചെലവും മരുന്നുവിലയും താങ്ങാൻ കഴിയാതെ ബുദ്ധിമുട്ടുന്ന വൃക്ക രോഗികൾക്ക് താങ്ങാവുകയാണ് ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 'കനിവ്' പദ്ധതി. കനിവ് പദ്ധതിയിലൂടെ ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന എട്ട് പഞ്ചായത്തുകളിലെ വൃക്കരോഗികൾക്ക് ആവശ്യമായ മരുന്ന് വിതരണം ചെയ്യുന്നുണ്ട്. 129 രോഗികൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. 50 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയത്. 34 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തും 2 ലക്ഷം രൂപ ഗ്രാമ പഞ്ചായത്ത് മുഖേനയും നൽകും. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന മയ്യിൽ, ഇരിക്കൂർ, എരുവേശ്ശി, പയ്യാവൂർ, മലപ്പട്ടം, ഉളിക്കൽ, കുറ്റ്യാട്ടൂർ, പടിയൂർ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഓരോ പഞ്ചായത്തിലെയും പ്രാഥമികാരോഗ്യ കേന്ദ്രം വഴി മരുന്ന് ആവശ്യമായ രോഗികളുടെ പട്ടിക ഉണ്ടാക്കുകയും ഇതോടൊപ്പം രോഗികളുടെ പക്കൽ നിന്നും ആവശ്യമായ മരുന്നിന്റെയും ലിസ്റ്റ് എടുക്കുന്നു. എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെയാണ് പട്ടിക തയ്യാറാക്കുന്നത്. ഇവ ബ്ലോക്ക് പഞ്ചായത്തിലെത്തിക്കുകയും ബ്ലോക്ക് മെഡിക്കൽ ഓഫീസർ വഴി നേരിട്ട് കാരുണ്യ ഫാർമസി വഴി മരുന്ന് വാങ്ങുകയുമാണ് ചെയ്യുന്നത്. ഇവ പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ എത്തിക്കുകയും അവിടുന്ന് രോഗികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. 2021 നവംബർ 15നാണ് 'കനിവ്' ആരംഭിച്ചത്. അന്നുമുതൽ ഇങ്ങോട്ട് എല്ലാ മാസവും മുടക്കമില്ലാതെ മരുന്ന് വിതരണം നടന്നു വരുന്നു. പൊതുവിപണിയിൽ വലിയ വില കൊടുത്ത് വാങ്ങേണ്ടി വരുന്ന മരുന്നുകളാണ് തികച്ചും സൗജന്യമായി രോഗികൾക്ക് ലഭ്യമാക്കുന്നത്.







## ദേശീയ വനിതാ നാടകോത്സവത്തിൽ തൃശ്ശൂർ ആരോഗ്യവകുപ്പിന്റെ പെൺപെരുമ



ദേശീയ വനിതാ നാടകോത്സവത്തിൽ തൃശ്ശൂർ ആരോഗ്യവകുപ്പ് അവതരിപ്പിച്ച പെൺപെരുമ നാടകത്തിൽനിന്ന്

തലസ്ഥാനത്ത് ഡിസംബർ 27 മുതൽ 29 വരെ നടന്ന നാടകോത്സവത്തിൽ തൃശ്ശൂരിന്റെ പെൺപെരുമ എന്ന നാടകം ഏറെ പ്രശംസ പിടിച്ചുപറ്റി. വിവിധ ഭാഷകളിലുള്ള നാടകങ്ങൾ അവതരിപ്പിച്ച തിയ്യറ്റർ ഫെസ്റ്റിവലിൽ കേരളത്തിൽ നിന്ന് ആശമാരുടെ നാടകവും കുടുംബശ്രീ പ്രവർത്തകരുടെ നാടകവുമാണ് അവതരിപ്പിച്ചത്. ആശമാരുടെ നാടകം തൃശ്ശൂരിലെ ആശാ കൾച്ചറൽ കളക്ടീവ് ആണ് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ഒരുക്കിയത്.

സബിത സന്തോഷ് രചിച്ച പെൺപെരുമ എന്ന നാടകം വേലൂർ ജീവജ്വാല അക്കാദമിയിലെ ജീവ റോസാണ് സംവിധാനം ചെയ്തത്. ജീവയുടെ പിതാവ് സംസ്ഥാന ആരോഗ്യവകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടറായ ബിഞ്ചു ജേക്കബിൽ നിന്ന് പകർന്ന് കിട്ടിയ തിയ്യറ്റർ അവബോധവും പിതാവിന്റെ കൂടെ നിരവധി ക്യാമ്പുകളിൽ സഹായിയായി പ്രവർത്തിച്ചതിന്റെ പിൻബലത്തിലുമാണ് ആശമാർക്കായി ജീവ സംവിധായികയുടെ റോളിൽ എത്തിയത്. തൃശ്ശൂർ ജില്ലയിൽ നടത്തിയ ഓഡിഷനിലൂടെ കണ്ടെത്തിയ 25 ഓളം ആശമാരാണ് ഈ നാടകത്തിലൂടെ അരങ്ങിലെത്തിയത്. ഇവർക്കായി 8 ദിവസത്തെ താമസിച്ചുള്ള പരിശീലനവും തൃശ്ശൂർ ദേശീയ ആരോഗ്യ ദൗത്യം സംഘടിപ്പിച്ചിരുന്നു. സ്ത്രീകൾക്ക് അപ്രാപ്യമായി ഒന്നുമില്ലെന്നും, സ്വന്തം കരുത്ത് തിരിച്ചറിയുന്നിടത്ത് സ്ത്രീ വളർന്ന് തുടങ്ങുന്നു എന്നും സന്ദേശം നൽകുന്ന നാടകം വിജയമ്മ എന്ന പൂക്കച്ചവടക്കാരിയുടേയും 4 പെൺമക്കളുടേയും അതിജീവന കഥയാണ് പറയുന്നത്. തൃശ്ശൂരിന്റെ ശില്പി ശക്തൻ തമ്പുരാന്റെ സഹധർമ്മിണി പാറുക്കുട്ടി നേത്യാരമ്മയും കഥാപാത്രമായി ഫ്ളാഷ് ബാക്കിലൂടെ എത്തുന്നുണ്ട്. ഡിസംബർ 28 ന് 4 മണിക്ക് സ്വാതിതിരുനാൾ സംഗീത കോളേജിലെ അരങ്ങിൽ നാടകാവതരണം നടന്നു. പൂരത്തിന്റെ നാട്ടിൽ നിന്നും നിറപകർച്ചകളോടെ അരങ്ങിലെത്തിയ നാടകത്തിന് ഏറെ അനുമോദനങ്ങൾ ലഭിച്ചു. ഒരു കൊച്ചു തൃശ്ശൂരിനെ തന്നെ പത്മനാഭന്റെ മണ്ണിൽ അവതരിപ്പിച്ചുകൊണ്ട് അരങ്ങിൽ എത്തിയ നാടകം നിറകയ്യടികളോടെയും കണ്ണീരിന്റെ നനവോടെയുമാണ് അവസാനിച്ചത്. നിരീക്ഷ ദേശീയ വനിതാ നാടകോത്സവ സംഘാടക സമിതിയുടെ ശിലാഫലകവും ഏറ്റുവാങ്ങി കൊണ്ടാണ് ആശാ കൾച്ചറൽ കളക്ടീവ് ടീം സാംസ്ക്കാരിക തലസ്ഥാനത്തേക്ക് തിരിച്ചെത്തിയത്.



## വൃക്ക മാറ്റിവച്ച് ചരിത്രം സൃഷ്ടിച്ച് എറണാകുളം ജനറൽ ആശുപത്രി

**എറണാകുളം:** രാജ്യത്തിന്റെ ആരോഗ്യ മേഖലയിൽ പുതിയ ചരിത്രം സൃഷ്ടിച്ചു എറണാകുളം ജനറൽ ആശുപത്രിയിൽ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. അരൂർ സ്വദേശിയായ 25 വയസ്സുള്ള യുവാവിന് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയാണ് എറണാകുളം ജനറൽ ആശുപത്രി പുതിയ ചുവട് വച്ചത്. രാജ്യത്ത് ആദ്യമായാണ് ജില്ലാ ആശുപത്രി തലത്തിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നത്. വൃക്ക ദാനം നൽകിയ അമ്മയും വൃക്ക സ്വീകരിച്ച യുവാവവും ആരോഗ്യം വീണ്ടെടുത്തു വരുന്നു. ഇവ രണ്ടിലും സർക്കാർ ഇടപെടൽ ക്രിയാത്മകമായിരുന്നു.



എറണാകുളം ജനറൽ ആശുപത്രിയിൽ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയ മെഡിക്കൽ ടീം മന്ത്രി വീണാ ജോർജിനോടൊപ്പം.

അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി കാത്തിരിക്കുന്നവരെ സംബന്ധിച്ച് ആശ്വാസകരമായ ഒരു കാര്യമാണ് ജനറൽ ആശുപത്രിയിലെ ഈ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ വിജയം. കാരണം കൂടുതൽ സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടക്കുന്നു എന്നുള്ളത് ആളുകളെ സംബന്ധിച്ച് രണ്ട് തരത്തിലാണ് സഹായമാകുന്നത്. അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി ധാരാളം പേരാണ് കാത്തിരിക്കുന്നത്. മാത്രമല്ല അവയവമാറ്റ ശസ്ത്രക്രിയകൾക്ക് ഭാരിച്ച ചെലവുമാണുള്ളത്. കൂടുതൽ സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശാസ്ത്രക്രിയകൾ യാഥാർത്ഥ്യമാകുന്നതോടെ കൂടുതൽ ആളുകൾക്ക് സാമ്പത്തിക പ്രതിസന്ധിയില്ലാതെ വേഗത്തിൽ അവയവമാറ്റം സാധ്യമാകും.

ആശുപത്രി സൂപ്രണ്ട് ഡോ. ഷാഹിർഷായുടെ ഏകോപനത്തിൽ യൂറോളജിസ്റ്റ് ഡോ. അനൂപ് കൃഷ്ണൻ, നെഫ്രോളജിസ്റ്റായ ഡോ. സന്ദീപ് ഷേണായി, അനസ്തേഷ്യ ഡോ. മധു വി എന്നിവർ നേതൃത്വം നൽകി. കൂടാതെ ഡോ. അഞ്ജു രാജ്, ഡോ. രേണു, ഡോ. മിഥുൻ ബാബു, സീനിയർ നഴ്സിംഗ് ഓഫീസറായ ശ്യാമളയുടെ നേതൃത്വത്തിൽ നഴ്സിംഗ് ഓഫീസർമാരായ ചിന്നൂരാജ്, പ്രീനുമോൾ, മുഹമ്മദ് ഷഫീഖ്, ആശാ സി എൻ, അനസ്തേഷ്യ ടെക്നീഷ്യന്മാരായ അശ്വതി, റാഷിദ്, മേഘന, അലീന എന്നിവരും വിഷ്ണു പി പി, സുനിജ , അഖിൽ എന്നിവരും അടങ്ങുന്ന ടീമാണ് സർജറി നടത്തിയത്.

മാതൃയാനം

# മാതൃയാനം പദ്ധതി എല്ലാ സർക്കാർ ആശുപത്രികളിലും

**തിരുവനന്തപുരം:** പ്രസവശേഷം അമ്മയേയും കുഞ്ഞിനേയും വാഹനത്തിൽ സൗജന്യമായി വീട്ടിലെത്തിക്കുന്ന മാതൃയാനം പദ്ധതി പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു്. 9 മെഡിക്കൽ കോളേജുകൾ, 41 ജില്ലാ, ജനറൽ, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ, 50 താലൂക്ക് ആശുപത്രികൾ, ഒരു സാമൂഹികാരോഗ്യ കേന്ദ്രം എന്നിങ്ങനെ പ്രസവം നടക്കുന്ന 101 സർക്കാർ ആശുപത്രികളിലാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്. എ. പി. എൽ., ബി. പി. എൽ. വ്യത്യാസമില്ലാതെ എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. അനേകം കുടുംബങ്ങൾക്ക് ഈ പദ്ധതി സഹായകമാകുമെന്ന് മന്ത്രി വ്യക്തമാക്കി.

പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും മാതൃയാനം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ മന്ത്രി നിർദേശം നൽകിയിരുന്നു. ട്രയൽ റൺ ഉൾപ്പെടെ നടത്തിയാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്. പ്രസവശേഷം വീട്ടിലേയ്ക്കുള്ള ദീർഘദൂര യാത്രയ്ക്ക് വളരെയധികം തുക ചെലവാകാറുണ്ട്. പല കുടുംബങ്ങൾക്കും ഇത് താങ്ങാനാവില്ല. ഇതിനൊരു പരിഹാരമാണ് ഈ പദ്ധതി. പ്രസവശേഷം എല്ലാവർക്കും ഈ സേവനം ഉറപ്പാക്കാൻ ആശുപത്രികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

മാതൃശിശു സംരക്ഷണത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. പ്രസവം നടക്കുന്ന സംസ്ഥാനത്തെ 10 ആശുപത്രികൾക്കാണ് ദേശീയ ലക്ഷ്യ ഗുണനിലവാര സർട്ടിഫിക്കേഷൻ ലഭ്യമാക്കിയത്. രാജ്യത്ത് ആദ്യമായി മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കി. സർക്കാർ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ 44 ആശുപത്രികൾ മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് സർട്ടിഫിക്കേഷൻ നേടി. ജന്മനായുള്ള വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനായി പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും സമഗ്ര ന്യൂബോൺ സ്ക്രീനിംഗ് പദ്ധതി നടപ്പിലാക്കി. കുഞ്ഞുങ്ങളിലെ ജന്മനായുള്ള ഹൃദയ വൈകല്യങ്ങളെ കണ്ടെത്തി സൗജന്യമായി ചികിത്സിക്കുന്ന ഹൃദ്യം പദ്ധതി വിജയകരമായി തുടരുന്നു. ഇതുവരെ 6640 കുഞ്ഞുങ്ങൾക്കാണ് സൗജന്യ ശസ്ത്രക്രിയ നടത്തിയത്. ഹൃദ്യം പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്.



# 2023ലെ കേരള പൊതുജനാരോഗ്യ ആക്ട് വിജ്ഞാപനമായി

## രാജ്യത്ത് ആദ്യമായി പൂർണമായും സ്ത്രീലിംഗത്തിൽ എഴുതപ്പെട്ട നിയമം

**തിരുവനന്തപുരം:** കേരളത്തിന്റെ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട സമഗ്രമായ 2023ലെ കേരള പൊതുജനാരോഗ്യ നിയമം വിജ്ഞാപനമായി പുറത്തിറങ്ങി. കേരളത്തിന്റെ ആരോഗ്യ മേഖലയെ സംബന്ധിച്ച് സുപ്രധാനമായ നിയമമാണ്. 1955ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും മദ്രാസ് മേഖലയിലെ 1939 ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടുമാണ് നിലവിലുണ്ടായിരുന്നത്. 12 അധ്യായങ്ങളും 82 ഖണ്ഡങ്ങളുമുള്ള ബൃഹത്തായ നിയമമാണിത്. പൊതുജനങ്ങൾ, ജനപ്രതിനിധികൾ, ആരോഗ്യ രംഗത്തെ വിദഗ്ധർ, ആരോഗ്യ മേഖലയിലെ വിവിധ സംഘടനകൾ മുതലായവരിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിച്ചാണ് ബിൽ നിയമസഭ പാസാക്കിയത്. നിലവിലുള്ള നിയമങ്ങളെ ഏകീകരിച്ചും ക്രോഡീകരിച്ചും പൊതുജനാരോഗ്യ രംഗത്തെ വെല്ലുവിളികൾ കണക്കിലെടുത്തും കാലികമായ മാറ്റങ്ങൾ വരുത്തിയിട്ടുമാണ് നിയമം യാഥാർഥ്യമായത്.

രാജ്യത്ത് പൂർണമായും സ്ത്രീലിംഗത്തിൽ എഴുതപ്പെട്ട ആദ്യ നിയമമാണിത്. രാജ്യത്ത് നിലവിലുള്ള എല്ലാ നിയമങ്ങളിലും വ്യക്തികളെ പുല്ലിംഗത്തിലാണ് വിശേഷിപ്പിച്ചിട്ടുള്ളത്. എന്നാൽ ഈ നിയമത്തിൽ സ്ത്രീലിംഗത്തിലാണ് വിശേഷിപ്പിച്ചിരിക്കുന്നത്. സ്ത്രീലിംഗത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത് എല്ലാ ലിംഗക്കാരേയും ഉൾപ്പെടുത്തിയാണ്. (ഉദാ: ഉടമസ്ഥ, ഉദ്യോഗസ്ഥ, രോഗമുക്ത...)

ഏകാരോഗ്യത്തിന് പ്രാധാന്യം നൽകി പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട സമഗ്രമായ കാര്യങ്ങൾ നിയമത്തിലുണ്ട്. ജലം, മാലിന്യം, പകർച്ചവ്യാധികൾ, കൊതുക് നിവാരണം, ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധം, ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് എന്നിവയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളും ആക്ടിലുണ്ട്. രോഗപ്രതിരോധ ശേഷി ഉറപ്പാക്കുന്നതിന് ആയുഷ് മേഖലയിലെ യോഗ മുതലായവയ്ക്കും പ്രാധാന്യം നൽകുന്നു.

## സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ



# ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം

**തിരുവനന്തപുരം:** സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതിനായി ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തികയും 5 സീനിയർ റെസിഡന്റ് തസ്തികകളും സൃഷ്ടിച്ചു. അതിസങ്കീർണമായ രോഗാവസ്ഥകളിൽ നിന്ന് രോഗികളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ സഹായിക്കുന്ന ഒരു മികച്ച ചികിത്സാ സംവിധാനമാണ് ക്രിട്ടിക്കൽ കെയർ. ഗുരുതര രോഗബാധ കാരണം അവയവങ്ങളുടെ പരാജയം നേരിടുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കി അതിജീവനം സാധ്യമാക്കുകയാണ് ക്രിട്ടിക്കൽ കെയർ വിഭാഗം ചെയ്യുന്നത്. ഭാവിയിൽ ക്രിട്ടിക്കൽ കെയർ മെഡിസിനിൽ ഡി.എം. കോഴ്സ് ആരംഭിക്കാനും ഈ രംഗത്ത് കൂടുതൽ വിദഗ്ധരെ സൃഷ്ടിക്കാനും ഇതിലൂടെ സാധ്യമാകുന്നതായും മന്ത്രി വ്യക്തമാക്കി. ഹൃദയാഘാതം, സ്ട്രോക്ക്, ശ്വാസകോശ അണുബാധ, അവയവ പരാജയം, മസ്തിഷ്ക രോഗങ്ങൾ, ക്യാൻസർ, ട്രോമകെയർ, ഗുരുതരാവസ്ഥയിലുള്ള ഗർഭിണികൾ തുടങ്ങിയ തീവ്രപരിചരണത്തിനായി ഐസിയുവിൽ എത്തുന്ന പലതരം രോഗികൾക്ക് അത്യാധുനിക തീവ്രപരിചരണം ലഭ്യമാക്കി ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ ക്രിട്ടിക്കൽ കെയർ വിഭാഗത്തിന് കഴിയുന്നു. അഡ്വാൻസ്ഡ് ഹീമോ ഡൈനാമിക് മോണിറ്ററിംഗ്, ജീവൻ നിലനിർത്താനായി അത്യാധുനിക വെന്റിലേറ്റർ മാനേജ്മെന്റ്, ഹൃദയമിടിപ്പ് നിലനിർത്തൽ, രക്തസമ്മർദ നിയന്ത്രണം, അവയവ സംരക്ഷണം, കരളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ, അണുബാധയ്ക്കുള്ള ചികിത്സ എന്നിവയും ക്രിട്ടിക്കൽ കെയറിൽപ്പെടുന്നു.

ഗുരുതര രോഗികൾ, ശസ്ത്രക്രിയ കഴിഞ്ഞവർ, വൃക്ക രോഗികൾ, ഹൃദ്രോഗികൾ തുടങ്ങിയവർ, പല അവയവങ്ങൾക്ക് (മൾട്ടി ഓർഗൻ) ഗുരുതര പ്രശ്നമുള്ളവർ, എ.ആർ.ഡി.എസ്., രക്താതിമർദം, വിഷാംശം ഉള്ളിൽ ചെല്ലുക എന്നിവയെല്ലാം സൂക്ഷ്മമായി നിരീക്ഷിച്ച് ചികിത്സ നൽകാൻ പ്രത്യേക പരിശീലനം ലഭിച്ച ക്രിട്ടിക്കൽ കെയർ ടീമിന് കഴിയുന്നു. ക്രിട്ടിക്കൽ കെയർ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് മെഡിക്കൽ പ്രൊഫഷണലുകൾ എന്നിവർ ചേർന്ന ടീമാണ് രോഗിയെ പരിചരിക്കുന്നത്. ക്രിട്ടിക്കൽ കെയർ വിഭാഗം ആരംഭിക്കുന്നത് ഡോക്ടർമാരുടെ പരിശീലനത്തിനും ഏറെ സഹായിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൾട്ടി ഡിസിപ്ലിനറി ഐസിയുവിലാണ് ക്രിട്ടിക്കൽ കെയർ ചികിത്സ ലഭ്യമാക്കി വരുന്നത്. അഡ്വാൻസ്ഡ് വെന്റിലേറ്റർ മാനേജ്മെന്റ്, ക്രിട്ടിക്കൽ കെയർ രംഗം എന്നിവയിൽ പ്രത്യേകം പരിശീലനം സിദ്ധിച്ചവരേയാണ് ക്രിട്ടിക്കൽ കെയർ വിഭാഗത്തിൽ നിയമിക്കുന്നത്. രക്തത്തിൽ ഓക്സിജന്റെ അളവ് കുറഞ്ഞാൽ പരിഹരിക്കുന്ന എക്മോ മെഷീൻ ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങളുമൊരുക്കിയിട്ടുണ്ട്.

# സംസ്ഥാനത്ത് ആദ്യമായി എസ്.എ.ടി.യിൽ ജനറ്റിക്സ് വിഭാഗം

## അപൂർവ ജനിതക രോഗ ചികിത്സയിൽ നിർണായക ചുവടുവയ്പ്പ്

**തിരുവനന്തപുരം:** തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ മെഡിക്കൽ ജനറ്റിക്സ് വിഭാഗം ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതിനായി ഒരു പ്രൊഫസറുടേയും ഒരു അസി. പ്രൊഫസറുടേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അപൂർവ ജനിതക രോഗ പ്രതിരോധത്തിലും ചികിത്സയിലും ഗവേഷണത്തിലും നിർണായക ചുവടുവയ്പാണിത്. ജനറ്റിക്സ് വിഭാഗം ആരംഭിക്കാനായി മന്ത്രി തലത്തിൽ നിരവധി തവണ യോഗം ചേർന്നാണ് അന്തിമ രൂപം നൽകിയത്. എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്തിരുന്നു. സംസ്ഥാനത്ത് ആദ്യമായി ഈ സർക്കാർ എസ്.എം.എ. ക്ലിനിക്ക് ആരംഭിച്ചതും എസ്.എ.ടി.യിലാണ്. ഭാവിയിൽ മെഡിക്കൽ ജനറ്റിക്സ് വിഭാഗത്തിൽ ഡി.എം. കോഴ്സ് ആരംഭിക്കാനാകുന്നതോടെ ഈ മേഖലയിൽ നിരവധി വിദഗ്ധരെ സൃഷ്ടിക്കാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

വേഗത്തിൽ വികസിച്ചു കൊണ്ടിരിക്കുന്ന ഒരു ശാസ്ത്ര ശാഖയാണ് മെഡിക്കൽ ജനറ്റിക്സ്. ജനിതക രോഗങ്ങൾ വളരെ നേരത്തെ കണ്ടെത്തി പ്രതിരോധിക്കുന്നതിലും ചികിത്സിക്കുന്നതിലും മെഡിക്കൽ ജനറ്റിക്സിന് പ്രധാന പങ്കുണ്ട്.

ഗർഭാവസ്ഥയിൽ തന്നെ ജനിതക രോഗങ്ങൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കുകയും പ്രധാനമാണ്. എസ്.എ.ടി. ആശുപത്രിയിൽ നിലവിൽ ജനറ്റിക്സിന് ചികിത്സയുണ്ടെങ്കിലും ആദ്യമായാണ് ഒരു പ്രത്യേക വിഭാഗമാക്കുന്നത്. ഇതിലൂടെ അപൂർവ ജനിതക രോഗങ്ങളുടെ ചികിത്സയ്ക്ക് സ്ഥിരം സംവിധാനമാകുന്നു. ചൊവ്വ, വെള്ളി ദിവസങ്ങളിലാണ് പുതിയ രോഗികളുടെ ഒപി പ്രവർത്തിക്കുന്നത്. ചൊവ്വാഴ്ച ജനറ്റിക്സ് ഒപിയും വെള്ളിയാഴ്ച അപൂർവ രോഗങ്ങളുടെ സ്പെഷ്യൽ ഒപിയും പ്രവർത്തിക്കുന്നു. ബാക്കി ദിവസങ്ങളിൽ തുടർ ചികിത്സയാണ് ലഭ്യമാക്കുന്നത്.

ജനറ്റിക്സ് വിഭാഗം യാഥാർത്ഥ്യമാകുന്നതോടെ എല്ലാ വിഭാഗങ്ങളിലുമുള്ള അപൂർവ ജനിതക രോഗങ്ങൾക്കും മികച്ച രീതിയിൽ ചികിത്സയും സേവനവും നൽകാനാകും. നിലവിൽ സിഡിസിയിലെ ജനറ്റിക്സ് ലാബിലാണ് ജനിതക പരിശോധനകൾ നടത്തുന്നത്. ഇതുകൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജനറ്റിക്സ് ലാബ് സജ്ജമാക്കി വരികയാണ്. ഇതോടെ കൂടുതൽ പരിശോധനകൾ വേഗത്തിൽ നടത്താനും ചികിത്സ ഉറപ്പാക്കാനും സാധിക്കും.

അപൂർവ രോഗം ബാധിച്ചിട്ടുള്ള കുഞ്ഞുങ്ങളുടെ ചികിത്സയും തുടർ പ്രവർത്തനങ്ങളും ഉറപ്പാക്കുന്നതിന് വേണ്ടി വലിയ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. സെന്റർ ഓഫ് എക്സലൻസ് പദ്ധതിയിലേക്കായി 190 അപേക്ഷകളാണ് ലഭിച്ചത്. അതിൽ സ്ക്രീൻ ചെയ്ത് എസ്.എം.എ. ബാധിച്ച 56 കുട്ടികൾക്ക് മരുന്ന് നൽകിയിട്ടുണ്ട്. അപൂർവ ജനിതക രോഗം ബാധിച്ച 7 കുട്ടികൾക്ക് വിലകൂടിയ മരുന്നുകൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.



# ബോധ് വാൻ

## ഈഡിസിന് ഇടമില്ലാതാക്കാൻ ബോധവൽക്കരണ വാഹനം



**ആലപ്പുഴ** : ഡെങ്കിപ്പനി പ്രതിരോധ നിയന്ത്രണ ബോധവൽക്കരണ സന്ദേശപ്രചാരണത്തിനായി ബ്രാൻഡ് ചെയ്ത ഡിജിറ്റൽ സ്ക്രീനോടുകൂടിയ വാഹനം, 'ബോധ് വാൻ' ആലപ്പുഴ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പ്രദർശനം നടത്തി. ഇടവിട്ട് മഴപെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ഉറവിട നശീകരണ ശീലങ്ങൾ, ആഴ്ച തോറും ഉറവിട നശീകരണം നടത്തേണ്ടതിന്റെ പ്രാധാന്യം, ഡെങ്കിപ്പനി :അപായ സൂചനകൾ, സ്വയം ചികിത്സ പാടില്ല, ഡെങ്കിപ്പനി: കുഞ്ഞുങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വീടിനുള്ളിലും പുറത്തുമുള്ള വിവിധ ഉറവിടങ്ങൾ തുടങ്ങി ആശയങ്ങളെ കുറിച്ചുള്ള ചിത്രങ്ങളും വീഡിയോകളും പ്രദർശനത്തിനായി സജ്ജമാക്കിയിരുന്നു. വിദ്യാലയങ്ങളുടെയും ആശുപത്രികളുടെയും പരിസരം, മാർക്കറ്റുകൾ, ബസ് സ്റ്റാൻഡുകൾ, ഓട്ടോ സ്റ്റാൻഡുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് സമയം ക്രമീകരിച്ച് പ്രദർശനം നടത്തി. ദൃശ്യാനുഭവം കൂടുതൽ മെച്ചമായി ഉപയോഗിക്കുന്നതിനായി വൈകുന്നേരം 6 മുതൽ 8 വരെ പൊതു ഇടങ്ങളിൽ പ്രദർശനം നടത്തിയിരുന്നു. പ്രദർശനത്തിനോടനുബന്ധിച്ച് അതാത് പ്രദേശങ്ങളിലെ ഓഫീസേഴ്സ്/ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റി, മണ്ണഞ്ചേരി, ചെട്ടികാട്, മുല്ലാത്തു വളപ്പ്, ചേർത്തല മുനിസിപ്പാലിറ്റി, ചേർത്തല തെക്ക്, തണ്ണീർമുക്കം, അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്, പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്, മങ്കൊമ്പ്, ചെമ്പും പുറം തുടങ്ങിയ പ്രദേശങ്ങളിലും പരിസരങ്ങളിലും ബോധ് വാൻ പ്രചാരണം നടത്തി. മൂന്ന് ദിവസങ്ങളിലായി നീണ്ടുനിന്ന പ്രചാരണത്തിലൂടെ ഫലപ്രദമായ നിലയിൽ ഡെങ്കി പ്രതിരോധ ബോധവൽക്കരണം നടത്താൻ കഴിഞ്ഞു. കോർണർ ക്ലാസുകൾ സംഘടിപ്പിച്ചതിലൂടെ വീഡിയോ പ്രദർശനത്തിൽ നിന്ന് മനസ്സിലാക്കിയ ആശയങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കാനും അവസരം ലഭിച്ചു.

## എൻ എസ് വി ബോധവൽക്കരണത്തിനായി പുതുവഴി തേടി ആലപ്പുഴ ജില്ല

**ആലപ്പുഴ** : പുരുഷന്മാർക്കുള്ള സ്ഥിര കുടുംബാസൂത്രണ മാർഗമായ എൻ എസ് വി കേസുകൾ കത്തെി നടപ്പിലാക്കുന്നതിൽ മികവ് പുലർത്താൻ ജില്ലാ ആരോഗ്യവകുപ്പിന് കഴിഞ്ഞിട്ടു്. അനുബന്ധ ബോധവൽക്കരണത്തിൽ പുരുഷ പങ്കാളിത്തം ഉറപ്പാക്കുന്നതിനും നഗര പ്രാന്ത പ്രദേശങ്ങളിലേക്കും ഗ്രാമ പ്രദേശങ്ങളിലേക്കും ബോധവൽക്കരണ സന്ദേശം കൗതുകമുണർത്തുന്ന നിലയിൽ എത്തിക്കുന്നതിനായി ലോട്ടറി വിൽപനക്കാരുടെ അനൗൺസ്മെൻറ് സംവിധാനം ഉപയോഗപ്പെടുത്തി ശബ്ദ സന്ദേശം പ്രചരിപ്പിക്കുകയുായി. നാളെ ലഭിച്ചേക്കാവുന്ന ഭാഗ്യം ഓർമ്മപ്പെടുത്തുന്ന സന്ദേശത്തോടൊപ്പം മികവുള്ള തീരുമാനം ഇന്നുതന്നെ എടുക്കണം എന്ന് ഓർമ്മപ്പെടുത്തുന്ന സന്ദേശം വ്യത്യസ്തത പുലർത്തി. ലളിതവും സുരക്ഷിതവും വേദനാ രഹിതവും തുന്നൽ രഹിതവുമായി നടത്താവുന്ന പുരുഷന്മാർക്കുള്ള സ്ഥിര കുടുംബാസൂത്രണ മാർഗ്ഗത്തിൻറെ സ്വീകാര്യതയെകുറിച്ചുള്ള .ബോധവത്ക്കരണവും നടത്തി.

## അയൽക്കാർക്ക് ആശ്രയമായി അതിർത്തിയിലെ ആശുപത്രി

**കൽപ്പറ്റ**: സർക്കാർ മേഖലയിൽ ആതുരസേവന രംഗത്ത് മികച്ചു നിൽക്കുന്ന സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലുള്ളവർക്കും ആശ്രയമാകുന്നു. കർണാടകയിലെ ബൈരക്കുപ്പ മേഖലയിൽ നിന്നും തമിഴ്നാട്ടിലെ ഗൂഡല്ലൂർ, ദേവാല, പന്തല്ലൂർ, അയ്യൻകൊല്ലി, പാട്ടവയൽ, ദേവർഷോല എന്നിവിടങ്ങളിൽ നിന്നുമാണ് നിരവധി പേർ ചികിത്സ തേടി സുൽത്താൻ ബത്തേരിയിൽ എത്തുന്നത്. 1930ൽ ബ്രിട്ടീഷ് സർക്കാരാണ് ഡിസ്പെൻസറിയായി ആശുപത്രി തുടങ്ങിയത്. 1995ൽ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തി. നിലവിൽ 2008ൽ പ്രവൃത്തി പൂർത്തിയായ ഫെയർലാൻഡിലെ പുതിയ കെട്ടിടത്തിലാണ് ആശുപത്രിയുടെ പ്രവർ ത്തനം. നബാർഡ് ഫണ്ട് 25 കോടി രൂപ ചെലവിൽ ആറ് നിലയുള്ള മാതൃശിശു ആശുപത്രിയുടെ നിർമ്മാണവും അവസാന ഘട്ടത്തിലാണ്. പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളായ പണിയ, കുറുമ, ഊരാളി, കാട്ടുനായ്ക്ക, അടിയ വിഭാഗങ്ങളുടെ ആദ്യ റഫറൽ യൂണിറ്റാണ് സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി. സൗകര്യങ്ങളും സേവനങ്ങളും ഇങ്ങനെ അത്യാഹിത വിഭാഗം മാസത്തിൽ ശരാശരി 5000 കേസുകളുണ്ട്, ജനറൽ സർജറി വിഭാഗം, ശിശുരോഗ വിഭാഗം, ഒബ്സ്റ്റെട്രിക്സ് & ഗൈനക്കോളജി, ഇ.എൻ.ടി & ഓഡിയോളജി, അസ്ഥിരോഗ വിഭാഗം, ഒഫ്താൽമോളജി & ഒപ്റ്റോമെട്രി, റെസ്പിറേറ്ററി മെഡിസിൻ വിഭാഗം, ത്വക് രോഗ വിഭാഗം, ഡെന്റൽ വിഭാഗം, ജനറൽ ഒ.പി, ബ്ലഡ് ബാങ്ക്, അനസ്തേഷ്യോളജി വിഭാഗം, ഓപ്പറേഷൻ തിയേറ്റർ ജനറൽ സർജറി, ആഴ്ചയിൽ രണ്ടുദിവസം അസ്ഥിരോഗം, ഇ.എൻ.ടി, ഗൈനക്കോളജി, മേജർ സർജറി,ലേബർ റൂം , ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് & എൻ.ഐ.സി.യു, പീഡിയാട്രിക് ജനറൽ വാർഡ്, പീഡിയാട്രിക് ഐ.സി.യു, ന്യൂബോൺ സ്ക്രീനിങ് യൂണിറ്റ് & ഒ.എ.ഇ സ്ക്രീനിങ്, മെയിൽ & ഫീമെയിൽ വാർഡുകൾ, എം.ഐ.സി.യു, ഡയാലിസിസ് യൂണിറ്റ്, മോർച്ചറി യൂണിറ്റ്, പെയിൻ ആന്റ് പാലിയേറ്റീവ് ടേർഷ്യറി, എക്സ് റേ യൂണിറ്റ്, അൾട്രാ സൗണ്ട് സ്കാനിങ്, ഐ.സി.ടി.സി ജ്യോതിസ്, ട്രൈബൽ മൊബൈൽ യൂണിറ്റ് (മാസത്തിൽ 22 ക്യാംപുകൾ, 800 രോഗികൾക്ക് സേവനം ലഭ്യമാകുന്നു), ആംബുലൻസ് സർവീസ്, ന്യൂട്രീഷണൽ റിഹാബിലിറ്റേഷൻ സെന്റർ, ലബോറട്ടറി (24*7), ഫാർമസി & സ്റ്റോർ, ഡ്രസിങ് & ഇൻജക്ഷൻ റൂം, എൻ.ടി.ഇ.പി യൂണിറ്റ്, എൻ.എൽ.ഇ.പി യൂണിറ്റ്, സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് വിത്ത് പി.എസ്.എ ഓക്സിജൻ പ്ലാന്റ്, ജൻഡർ ബേസ്ഡ് വയലൻസ് മാനേജ്മെന്റ് സെൽ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, ആന്റിനാറ്റൽ ട്രൈബൽ ഹോം തുടങ്ങിയ സേവനങ്ങളാണ് ആശുപത്രിയോട് അനുബന്ധിച്ച് ലഭ്യമാകുന്നത്. മൂന്ന് പ്രകൃതി സൗഹൃദ പദ്ധതികളും സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലുണ്ട്. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആണ് ആദ്യത്തേത്. ഒരു കോടി രൂപ ചെലവിൽ ബത്തേരി ബ്ലോക്ക് പഞ്ചായത്തും ശുചിത്വമിഷനും ചേർന്നാണ് പ്ലാന്റ് നിർമ്മിച്ചത്. തുമ്പൂർമുഴി മോഡൽ ഫുഡ് & സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആണ് രണ്ടാമത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി സഹകരിച്ചുള്ള സൗര പ്രൊജക്ട് ആണ് മറ്റൊന്ന്. ഇതുവഴി അടുത്ത് 25 വർഷത്തേക്ക് വൈദ്യുതി ബിൽ ലാഭിക്കാൻ ആശുപത്രിക്ക് കഴിയും.



## ടാറ്റാ ആശുപത്രിയിൽ അതിതീവ്ര പരിചരണ വിഭാഗം ഒരുവർഷത്തിനകം

**കാസർഗോഡ്**: തെക്കിലെ ടാറ്റാ ട്രസ്റ്റ് ഗവ. ആശുപത്രിയുടെ സ്ഥാനത്ത് ഒരു വർഷത്തിനകം 50 കിടക്കകളുള്ള അതിതീവ്ര പരിചരണ വിഭാഗം (ക്രിട്ടിക്കൽ കെയർ യൂണിറ്റ്) തുടങ്ങും. ട്രോമാ കെയർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഇവിടെ ഉണ്ടാകും. ജില്ലാ ആശുപത്രിയുടെ അനുബന്ധമായിട്ടായിരിക്കും പ്രവർത്തനം. ജില്ലാ പഞ്ചായത്തിനായിരിക്കും ആശുപത്രിയുടെ നടത്തിപ്പ് ചുമതല.

ടാറ്റാ ആശുപത്രി സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമിയിൽ ആരോഗ്യ വകുപ്പിന് ഉപയോഗാനുമതി നൽകി സർക്കാർ ഉത്തരവായതിന് പിന്നാലെയാണ് പുതിയ തീരുമാനം. ഒരു വർഷം മുൻപ് ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുവാനുള്ള പ്രഖ്യാപനം വന്നിരുന്നുവെങ്കിലും ആരോഗ്യവകുപ്പിന് സ്ഥലം വിട്ടുകിട്ടാത്തതായിരുന്നു ഇതുവരെ ഉണ്ടായിരുന്ന തടസ്സം. ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിയാണ് ആരോഗ്യവകുപ്പിന് ഭൂമി കൈമാറിയിട്ടുള്ളത്.

പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത്ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ (പി.എം.എ.ബി.എച്ച്.ഐ.എം) പ്രകാരം 23.75 കോടിയുടെ പദ്ധതിയാണ് തെക്കിലിൽ വരുന്നത്. 45,000 ചതുരശ്രയടി വിസ്തീർണമുള്ള കെട്ടിട സമുച്ചയമായിരിക്കും ആശുപത്രിക്ക് ഒരുക്കുക. 6 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കും. ടാറ്റാ ആശുപത്രി പ്രവർത്തിച്ചിരുന്ന അൻപതോളം ഉരുക്ക് കൺടെയ്നറുകൾ നീക്കിയായിരിക്കും പുതിയ കോൺക്രീറ്റ് കെട്ടിടം നിർമിക്കുക. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് വിശദ പദ്ധതി രേഖ തയ്യാറാക്കാനും നിർമാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും ചുമതലപ്പെടുത്തിയിട്ടുള്ളത്. 2024-25 ലെ എൻ എച്ച് എം പദ്ധതിയിൽ ഇവിടെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ നടപ്പാക്കും.

ആശുപത്രി കെട്ടിടനിർമാണം തുടങ്ങുന്നതിന്റെ പ്രാഥമിക കാര്യങ്ങൾ ചർച്ചചെയ്യാൻ സി എച്ച് കുഞ്ഞമ്പു എം എൽ എ യുടെ അദ്ധ്യക്ഷതയിൽ ഉന്നത തലയോഗം ചേർന്നു. മൂന്ന് മാസത്തിനകം പദ്ധതിക്ക് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാക്കി ആറുമാസത്തിനകം ആശുപത്രി നിർമാണം തുടങ്ങാനാകുമെന്നാണ് പ്രതീക്ഷ. യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ വി രാംദാസ്, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.അനിൽ കുമാർ പി കെ, എൻ എച്ച് എം ചീഫ് എഞ്ചിനീയർ മിനി ടി എൻ, സ്റ്റേറ്റ് കൺസൾട്ടന്റ് എഞ്ചിനീയർ സൂരജ് വി എസ്, സീനിയർ കൺസൾട്ടന്റ് എഞ്ചിനീയർ വിജയൻ, ടാറ്റാ ആശുപത്രി സൂപ്രണ്ട് ഡോ.സന്തോഷ്, ഡോ.പ്രസാദ് തോമസ്, എൻ എച്ച് എം എഞ്ചിനീയർമാരായ നിതിൻ കുമാർ കെ വി, ഹരിത പ്രസാദ് എന്നിവരും പങ്കെടുത്തു.






## എന്താണ് ചിക്കൻ പോക്സ്? എന്തൊക്കെയാണ് അതിന്റെ ലക്ഷണങ്ങൾ? എങ്ങനെയാണ് പകർച്ച?

വാരിസെല്ല സോസ്റ്റർ എന്ന വൈറസ് മൂലം ഉണ്ടാകുന്ന ഒരു പകർച്ചവ്യാധിയാണ് ചിക്കൻ പോക്സ്. തൊട്ടാൽ എളുപ്പത്തിൽ പൊട്ടാത്തതും ചേമ്പിലയിൽ വീണ മഴത്തുള്ളികളോട് സാദൃശ്യമുള്ളതുമായ പോളങ്ങൾ (Vesicles) ത്വക്കിൽ പ്രത്യക്ഷപ്പെടുന്നതാണ് ഈ രോഗത്തിന്റെ പ്രത്യേകത. തുടക്കത്തിൽ അനുഭവപ്പെടുന്ന തലവേദന, ചെറിയ പനി, ക്ഷീണം, ലഘുവായ ദേഹാസ്വാസ്ഥ്യം മുതലായവയ്ക്കു ശേഷം 1-3 ദിവസത്തിനുള്ളിൽ പോളങ്ങൾ ശരീരത്തിൽ പ്രത്യക്ഷപ്പെടുന്നു. ഇവ കൂടുതലും ദേഹത്തിന്റെ മധ്യഭാഗത്താണ് കാണുന്നതെങ്കിലും തുടങ്ങിയത് മുതൽ 4 മുതൽ 7 ദിവസങ്ങൾ കൊണ്ട് മുഖത്തും കൈകാലുകളിലും ചിലപ്പോൾ കണ്ണിലും വരെ ഇവ കണ്ടുവരാറുണ്ട്. പോളങ്ങൾ പ്രത്യക്ഷപ്പെടുന്നതിനോടൊപ്പം ചിലർക്ക് ശക്തമായ പനിയും ഉണ്ടാകാറുണ്ട്. ഒരാഴ്ചക്കുള്ളിൽ പോളങ്ങൾ പ്രത്യക്ഷപ്പെട്ട മുറയിൽ തന്നെതാനേ വറ്റി, കരിഞ്ഞു പൊറ്റയായി മാറും. അതിന്റെ കൂടെ പനിയും മറ്റുള്ള പ്രയാസങ്ങളും കുറഞ്ഞുതുടങ്ങും. എന്നാൽ, ചിലർക്ക് ക്ഷീണം കുറയാൻ സമയമെടുക്കും. ത്വക്കിലെ കലകൾ രണ്ടു മൂന്നു മാസം കൊണ്ട് താനേ അപ്രത്യക്ഷമാകാറുണ്ട്.

ആദ്യലക്ഷണങ്ങളായ പനി, തലവേദന ഉണ്ടാകുന്ന ദിവസം മുതൽ അവസാനത്തെ പൊറ്റകളും പൂർണമായി ഉണങ്ങി കരിഞ്ഞു തീരുന്നതുവരെയാണ് ചിക്കൻ പോക്സിന്റെ പകർച്ച ഏറ്റവും കൂടുതൽ നടക്കുന്നത്.

ചിക്കൻ പോക്സ് എല്ലാ പ്രായക്കാരെയും ബാധിക്കുവാൻ സാധ്യതയുണ്ടെങ്കിലും കൈക്കുഞ്ഞുങ്ങൾക്കും കൗമാരക്കാർക്കും ഗർഭിണികൾക്കും പ്രമേഹം മുതലായ മറ്റു ദീർഘകാല രോഗങ്ങൾ ഉള്ളവർക്കും പ്രായമേറിയവർക്കും പ്രതിരോധശേഷി കുറഞ്ഞവർക്കും (ഉദാ: നീണ്ടകാലം സ്റ്റിറോയ്ഡ് ചികിത്സ, എയ്ഡ്സ്, അവയവം മാറ്റിവയ്ക്കൽ മുതലായ വിവിധ കാരണങ്ങളാൽ) കൂടുതൽ ശക്തമായ രീതിയിൽ വരികയും തുടർപ്രശ്നങ്ങൾ അധികം ഉണ്ടാകുകയും ചെയ്യാറുണ്ട്. ഏറ്റവും കൂടുതൽ ചിക്കൻ പോക്സ് ഉണ്ടാകുന്നത് ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ ആണെങ്കിലും എപ്പോൾ വേണമെങ്കിലും രോഗം ഉണ്ടാകാം. വ്യാപനശേഷി വളരെ അധികമുള്ള വൈറസാണ് വാരിസെല്ല സോസ്റ്റർ. അതുകൊണ്ട് വീടുകളിലും ജോലി സ്ഥാപനങ്ങളിലും ഇതു വളരെ വേഗം വ്യാപിക്കുന്നതായി കാണാറുണ്ട്. ഒരാളിൽനിന്ന് അണുബാധ ഉണ്ടായാൽ 10-21 ദിവസം (Incubation Period) കൊണ്ടാണ് ഒരു വ്യക്തിക്ക് ലക്ഷണങ്ങൾ ആരംഭിക്കുന്നത്.

പോളങ്ങളിലെ ദ്രാവകവുമായി സ്പർശനം ഉണ്ടാകുന്നതിലൂടെയും രോഗി ചുമയ്ക്കുന്നതും തുമ്മുന്നതും സംസാരിക്കുന്നതും വഴി വായിൽ നിന്നും മൂക്കിൽ നിന്നും തെറിക്കുന്ന സൂക്ഷ്മസ്രവകണികകൾ ശ്വാസകോശം വഴിയും ചിലപ്പോൾ കണ്ണിന്റെ പ്രതലം വഴിയും പ്രവേശിക്കുന്നതിലൂടെയുമാണ് ചിക്കൻപോക്സ് പകരുന്നത്.

### സങ്കീർണതകൾ

നല്ല ആരോഗ്യനിലയുള്ള വ്യക്തികളിൽ ചിക്കൻ പോക്സ് മേൽ പറഞ്ഞ രീതിയിൽ താനേ മാറുമെങ്കിലും, അപകടസാധ്യത കൂടുതൽ ഉള്ളവരിൽ ന്യൂമോണിയ (മുതിർന്നവരിൽ കൂടുതൽ) ത്വക്കിലെ അണുബാധ, പഴുപ്പ് മുതലായവയ്ക്ക് (കുട്ടികളിൽ കൂടുതൽ) പുറമേ അപൂർവമായി തലച്ചോർ പനി (Encephalitis) ഒക്കെ ഉണ്ടാകാം.

### ഹെർപിസ് സോസ്റ്റർ

ചിക്കൻ പോക്സ് ഒരിക്കൽ വന്നവരിൽ അതിന്റെ വൈറസുകൾ ചെറിയ തോതിൽ നാഡീവ്യൂഹത്തിന്റെ ചില ഭാഗങ്ങളിൽ അവശേഷിക്കാറുണ്ട്. ഇങ്ങനെയുള്ള വ്യക്തികളിൽ പ്രായമാകുമ്പോഴും മറ്റ് ചില സാഹചര്യങ്ങളിലും ഉണ്ടാകുന്ന പ്രതിരോധക്കുറവിനെ തുടർന്ന് ചിലപ്പോൾ ചിക്കൻ പോക്സ് പോളങ്ങളോട് സാദൃശ്യമുള്ള പോളങ്ങൾ ശരീരത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിലോ മുഖത്തോ പ്രത്യക്ഷപ്പെടും. ചിക്കൻപോക്സിൽ നിന്നും വ്യത്യസ്തമായി ഈ പോളങ്ങൾക്ക് തീവ്രമായ വേദനയും നീറ്റലും ഉണ്ടായിരിക്കും. മാത്രമല്ല, അവ മിക്കവാറും ശരീരത്തിന്റെ ഒരു വശത്ത് മാത്രമേ പൊന്തിവരാറുള്ളൂ. ഇതിനെ 'ഷിംഗിൾസ്' എന്നും വിളിക്കാറുണ്ട്. ഇതിന്റെ സ്രവങ്ങളുടെ സമ്പർക്കം വഴി മറ്റു വ്യക്തികൾക്ക് ചിക്കൻ പോക്സ് പകരും.

### ചികിത്സ

എസൈക്ലോവിർ എന്ന വളരെ ഫലപ്രദമായ മരുന്ന് ചിക്കൻ പോക്സിന്റെ ചികിത്സയ്ക്കായി ലഭ്യമാണ്. രോഗിയുടെ പ്രായം, തൂക്കം എന്നിവ വിലയിരുത്തി ഡോക്ടർ നിർദേശിക്കുന്ന ചികിത്സ സാധാരണ അഞ്ചു ദിവസമാണ് നൽകുന്നത്. ആദ്യ പോളം കണ്ടെത്തി ചിക്കൻ പോക്സ് തന്നെയാണെന്ന് നിർണയിച്ച ഉടൻ തന്നെ മരുന്ന് തുടങ്ങുന്നതാണ് ഉത്തമം. കണ്ണിൽ പോളങ്ങൾ കാണുന്നവർക്ക് തുള്ളിമരുന്നു (Eyedrops) രൂപത്തിലും ഈ മരുന്ന് നൽകാൻ ഡോക്ടർ നിർദേശിക്കാറുണ്ട്.

എസൈക്ലോവിറിനു പുറമേ പൊതുലക്ഷണങ്ങൾക്ക് ആശ്വാസം നൽകാൻ പാരസെറ്റമോൾ, ചൊറിച്ചിലിനുള്ള മരുന്നുകൾ, പൊതു ആരോഗ്യം നിലനിർത്താൻ വേണ്ടി വിറ്റമിൻ ഗുളികകൾ, ചില സാഹചര്യങ്ങളിൽ ആന്റിബയോട്ടിക്കുകൾ എന്നിവയും രോഗിയുടെ അവസ്ഥ വിലയിരുത്തി ഡോക്ടർ നിർദേശിക്കാറുണ്ട്. അതേസമയം സ്വയംചികിത്സ അപകടകരമാണെന്ന് ഓർക്കണം.

### പരിചരണം

ആധുനിക വൈദ്യശാസ്ത്രത്തിൽ പഥ്യം നിർദേശിക്കാറില്ലെന്ന് മാത്രമല്ല, നല്ല പോഷക ഗുണമുള്ളതും രോഗിക്ക് ഇഷ്ടപ്പെടുന്നതും എളുപ്പത്തിൽ ദഹിക്കുന്നതുമായ എരിവും പുളിയും സ്പൈസസും കുറഞ്ഞ ഏതു സാധാരണ ആഹാരവും ദിവസത്തിൽ പലവട്ടമായി കഴിക്കാനാണ് ഡോക്ടർമാർ നിർദേശിക്കാറുള്ളത്. ആഹാരത്തിൽ ഉപ്പു ചേർക്കുന്നതിൽ പ്രത്യേക വിലക്കില്ല. ധാരാളം പ്രാദേശിക പഴങ്ങളും പച്ചക്കറികളും ഇലക്കറികളും ആഹാരത്തിൽ ഉൾപ്പെടുത്തുന്നത് വളരെ നല്ലതാണ്. ഇളം ചൂട് പാനീയങ്ങളും ധാരാളമായി കുടിക്കുകയും വേണം. ഇങ്ങനെ ചെയ്യുന്നതിലൂടെ ക്ഷീണം കുറയ്ക്കുവാൻ സാധിക്കും.

ഡോക്ടറുടെ ഉപദേശപ്രകാരം ഇളംചൂട് വെള്ളത്തിൽ കുളിച്ചു ദേഹം ശുചിയാക്കുന്നതിലൂടെ അസ്വസ്ഥതകളും ചൊറിച്ചിലും മറ്റും കുറയും. പോളങ്ങൾ പഴുക്കുവാനുള്ള സാധ്യതയും കുറയും. ചിക്കൻ പോക്സിന്റെ അസാധാരണ പകർച്ചശേഷി കണക്കിലെടുത്തുകൊണ്ട് ഐസോലേഷൻ രീതിയിലാണ് (വീട്ടിലെ മറ്റുള്ള അംഗങ്ങളുമായി എത്രയും പൂർണമായി സമ്പർക്കം ഒഴിവാക്കി) രോഗിയെ പരിചരിക്കേണ്ടത്. അടുത്ത് പരിചരണം കൊടുക്കുന്നവർ മാസ്ക് ധരിക്കുന്നതും എപ്പോഴും സോപ്പ്/സാനിട്ടൈസർ ഉപയോഗിച്ചു കൈ വൃത്തിയായി സൂക്ഷിക്കുന്നതും നല്ലതാണ്.

രോഗി ഉപയോഗിക്കുന്ന ഗ്ലാസ്, പ്ലേറ്റ്, വസ്ത്രങ്ങൾ, മുതലായവ വീട്ടിലെ മറ്റുള്ളവരിൽ നിന്ന് വേർതിരിച്ചു സോപ്പ് ഉപയോഗിച്ച് ശുചിയാക്കേതാണ്. ഷീറ്റുകൾ, കിടക്ക മുതലായവ നല്ല വെയിലത്ത് ഉണക്കിയെടുക്കുന്നതും നല്ലതാണ്.

വീട്ടിൽ പരിചരണത്തിലിരിക്കവേ എന്തെങ്കിലും അസാധാരണമോ ഗുരുതരമോ ആയ സാഹചര്യം ഉണ്ടായാൽ ഉടൻ ഡോക്ടറുമായി ബന്ധപ്പെടേതാണ്.

### പ്രതിരോധം/ വാക്സിൻ

ചിക്കൻ പോക്സിനു എതിരായുള്ള പ്രതിരോധ കുത്തിവെപ്പുകൾ ഇന്ന് ലഭ്യമാണ്. ഇവ വളരെ ഫലപ്രദവും ലളിതവും ശാസ്ത്രീയവുമാണ്. ചിക്കൻ പോക്സ് വന്നിട്ടില്ലാത്തതോ ചിക്കൻ പോക്സ് പ്രതിരോധം ആർജിച്ചിട്ടില്ലെന്ന് കരുതുന്നതോ ആയ കുട്ടികൾക്കും പ്രായമേറിയവർക്കും മറ്റു സങ്കീർണരോഗാവസ്ഥയിൽ ചികിത്സ നടത്തുന്നവർക്കും പ്രതിരോധ കുത്തിവെപ്പ് എടുക്കുന്നത് നല്ലതാണ്. രണ്ട് ഡോസ് മരുന്ന് ഒന്ന് മുതൽ മൂന്ന് മാസം വരെയുള്ള ഇടവേളയിലാണ് കുത്തിവെപ്പായി എടുക്കേണ്ടത്.

### സംശയനിവാരണം

ചിക്കൻ പോക്സിനെക്കുറിച്ചുള്ള ഏതു സംശയനിവാരണത്തിനും നിങ്ങളുടെ ഡോക്ടറോടോ ആരോഗ്യപ്രവർത്തകരോടോ നേരിട്ട് സംസാരിക്കുക. ആശുപത്രിയിലേക്ക് പോകാൻ പറ്റാത്ത സാഹചര്യത്തിൽ ഇ-സഞ്ജീവനി കൺസൾട്ടേഷൻ നടത്താം. അല്ലെങ്കിൽ ഏറ്റവും ലളിതമായി ദിശ 104, 1056, 0471-2552056 എന്നീ നമ്പറുകൾ ഡയൽ ചെയ്തു ഡോക്ടർമാരോട് സംസാരിക്കാവുന്നതാണ്.

**ഡോ. അമർ ഫെറ്റിൽ**
സ്റ്റേറ്റ് നോഡൽ ഓഫീസർ, അഡോളസെന്റ് ഹെൽത്ത്

# കുഷ്ഠരോഗ നിവാരണ പദ്ധതി

ചരിത്രാതീതകാലം മുതൽ ഭാരതത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന ഒരു രോഗമാണ് കുഷ്ഠം. മൈക്രോ ബാക്ടീരിയം ലെപ്രേ എന്ന ബാക്ടീരിയയാണ് ഇതിന്റെ രോഗകാരണം. രോഗാണു ശരീരത്തിൽ പ്രവേശിച്ചാൽ രോഗലക്ഷണം കാണിക്കുവാൻ 1-20 വരെ വർഷങ്ങൾ എടുത്തേക്കും. ശ്വസനേന്ദ്രിയ വ്യൂഹം, ത്വക്ക്, നാഡികൾ, കണ്ണ് എന്നീ ഭാഗങ്ങളെയാണ് രോഗാണു ബാധിക്കുന്നത്.

ഇപ്പോൾ ലോകത്താകമാനം ഉള്ള കേസുകളിൽ 57% വും ഇന്ത്യയിലാണ്. നിലവിൽ ലോകത്ത് ആകെയുള്ള കേസുകളിൽ 78% വും ഇന്ത്യ, ബ്രസീൽ, ഇന്തോനേഷ്യ എന്നിവിടങ്ങളിലാണ്.

### ഇന്ത്യയും കുഷ്ഠരോഗം നിർമ്മാർജ്ജനവും

1955 ൽ ഇന്ത്യ നാഷണൽ ലെപ്രസി കൺട്രോൾ പ്രോഗ്രാം (എൻ എൽ സി പി സി) ആരംഭിച്ചു. എന്നാൽ 80കളിൽ മൾട്ടി ഡ്രഗ് തെറാപ്പി (എം ഡി ടി) ചികിത്സയ്ക്കായി ഉപയോഗിച്ച് തുടങ്ങിയതോടെയാണ് കുഷ്ഠരോഗ നിർമ്മാർജ്ജനം ഊർജിതമാക്കാൻ കഴിഞ്ഞത്. 1983ൽ ഈ പ്രോഗ്രാം നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം ( എൻ എൽ ഇ പി )എന്നു പുനഃർനാമകരണം ചെയ്യപ്പെട്ടു. ഊർജ്ജിത കർമ്മപദ്ധതികളിലൂടെ രോഗപകർച്ച നിരക്ക് 1987 ൽ 10000 ന് 53 എന്നതിൽ നിന്നും 2001ൽ 10000 ൽ 3.7 എന്ന നിലയിലേക്ക് കൊുവരുവാൻ ഇന്ത്യക്ക് സാധിച്ചു. 2005 ഓടെ രോഗപകർച്ചനിരക്ക് 10000 ന് ഒന്നിൽ താഴെയായി. അതോടെ ലോകാരോഗ്യസംഘടനയുടെ നിർദേശപ്രകാരം ഇന്ത്യയിൽ കുഷ്ഠരോഗം പൊതുജനാരോഗ്യപ്രശ്നം എന്ന സ്ഥിതിവിശേഷത്തിൽ നിന്നും മാറി. ഇതോടെ ഇന്ത്യയിൽ ലെപ്രസി വെർട്ടിക്കൽ പ്രോഗ്രാമിൽ നിന്നും ജനറൽ ഹെൽത്ത് സിസ്റ്റത്തിന്റെ പദ്ധതിയായി മാറി. അതിനു മാത്രമായുള്ള ജീവനക്കാർ ജനറൽ ഹെൽത്ത് സിസ്റ്റത്തിലേക്ക് പുനഃർവിന്യസിക്കപ്പെട്ടു. 2025 ഓടെ കുഷ്ഠരോഗ നിർമ്മാർജ്ജനം നേടിയെടുക്കുക എന്നതായിരുന്നു ലക്ഷ്യം.

കോവിഡ വ്യാപനസമയത്ത് 2020- 22 കാലങ്ങളിൽ കുഷ്ഠരോഗ നിർമ്മാർജ്ജനപ്രവർത്തനം ലോകത്താകമാനം മന്ദിഭവിപ്പിച്ചു.

### ലോകാരോഗ്യസംഘടനയും കുഷ്ഠരോഗം നിർമ്മാർജ്ജനവും

സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ 3.3 ലക്ഷ്യപ്രകാരം ലോകം 2030 ഓടെ കുഷ്ഠരോഗവിമുക്തമാകണമെന്ന് ലോകാരോഗ്യ സംഘടന ലക്ഷ്യമിടുന്നു. അതിനായി ഓരോ രാജ്യവും നവീന കർമ്മ പദ്ധതികൾ ആവിഷ്കരിക്കാനും സീറോ ലെപ്രസി റോഡ് മാപ്പുകൾ ഉണ്ടാക്കാനും ലോകാരോഗ്യസംഘടന നിർദേശിക്കുന്നു.

### ഇന്ത്യയുടെ ദേശീയ ആസൂത്രണവും റോഡ് മാപ്പും

2023 മുതൽ 2027 വരെ അഞ്ചു വർഷക്കാലം കുട്ടികളിലെ രോഗ പകർച്ച പൂജ്യത്തിലെത്തിക്കുക.തുടർന്നുള്ള മൂന്നുവർഷം 2030 ഓടെ മുതിർന്നവരിൽ ഉൾപ്പെടെ സീറോ ലെപ്രസി എന്ന ലക്ഷ്യത്തിലെത്തുക.

ആത്യന്തികമായി ഇത് നേടുന്നതിന് 2023-25 കാലഘട്ടത്തിൽ നിലവിലുള്ള കേസുകൾ കണ്ടുപിടിക്കണം. സമ്പർക്കമുള്ളവരെ കുപിടിച്ച് പോസ്റ്റ് എക്സ്പോഷർ പ്രൊഫൈലാക്സിസ് (പിഇപി) മികച്ച സേവനം രോഗികൾക്ക് ലഭ്യമാക്കണം.

### നിലവിലുള്ള കേസുകളുടെ കണ്ടുപിടിത്തം എങ്ങനെ

1. ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ
2. ആക്റ്റീവ് കേസ് ഡിറ്റക്ഷൻ ആൻഡ് റെഗുലർ സർവൈലൻസ്
3. ആശ ബേസ്ഡ് സർവൈലൻസ് ഫോർ ലെപ്രസി സസ്പെക്റ്റസ്
4. ഫോക്കസ്ഡ് ലെപ്രസി ക്യാമ്പയിൻ
5. സ്പെഷ്യൽ ആക്ഷൻ പ്ലാൻ ഫോർ ട്രൈബൽസ്, മൈഗ്രൻസ്.. ടിബി, എൻ സിഡി എന്ന ക്യാമ്പുകൾക്കൊപ്പം.

കേസ് കണ്ടുപിടിക്കുന്നതിനും രോഗികൾക്ക് ഉണ്ടാകുന്ന സാമൂഹിക, മാനസിക ആഘാതം ഒഴിവാക്കുന്നതിനും കൃത്യതയുള്ള ബിഹേവിയർ ചേഞ്ച് കമ്മ്യൂണിക്കേഷൻ (ബിസിസി) പ്ലാനുകൾ ഉണ്ടാകണം മൊബൈൽ ആപ്പുകൾ വഴി സ്വയം പരിശോധനയും സ്വയം റിപ്പോർട്ടിങ്ങും പ്രോത്സാഹിപ്പിക്കണം.

### സ്പർശ്

കുഷ്ഠരോഗത്തെക്കുറിച്ച് സമൂഹ അവബോധം സൃഷ്ടിക്കുന്നതിനും മുൻവിധികൾ മാറ്റുന്നതിനുള്ള ബോധവൽക്കരണ പരിപാടിയാണിത്. എല്ലാ ഗ്രാമങ്ങളിലും ജനുവരി 30 ലെപ്രസി ഡേ മുതൽ രണ്ടാഴ്ചകാലം നടത്തിവരുന്നു. 2017 മുതൽ ഇത് ആചരിച്ചു വരുന്നു.

### എൽപി ഇ പി ലെപ്രസി

കുഷ്ഠരോഗിയുടെ അടുത്ത സമ്പർക്കത്തിലുള്ളവർക്ക് Rifampin 600 എംജി നൽകുന്നു.ലോകാരോഗ്യസംഘടനയുടെ നിർദ്ദേശപ്രകാരം 2019 മുതൽ ഇന്ത്യയിൽ ഇത് നടപ്പിലാക്കി വരുന്നു. കേരളത്തിൽ ഇതുവരെയും തുടങ്ങിയിട്ടില്ല. 2024 മുതൽ ആരംഭിക്കണം. കുട്ടികളിലെ പകർച്ച തടയാനും ലക്ഷ്യങ്ങളിലേക്ക് നീങ്ങാനും ഇത് സഹായിക്കും.

### എൽ സി ഡി സി

ഈ ക്യാമ്പയിനിന്റെ ഭാഗമായി ഒരു ആശാപ്രവർത്തകയും പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകനുമടങ്ങുന്ന ടീം അവരവർക്ക് നിർദ്ദേശിച്ചിരിക്കുന്ന പ്രദേശങ്ങളിൽ എല്ലാ വീടുകളിലും ക്യാമ്പയിൻ കാലയളവിൽ 14 ദിവസം സന്ദർശിക്കുന്നു. കുഷ്ഠരോഗത്തിന് സമാനമായ ലക്ഷണമുള്ള ആളുകളെ കണ്ടുപിടിക്കാനും അവരെ രോഗനിർണയത്തിനായി ആശുപത്രിയിൽ കൊണ്ടുപോകുന്നതിനുള്ള ഉപദേശം നൽകുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അഞ്ചു ടീമുകളുടെ സൂപ്പർവിഷൻ ചുമതല ഒരു ജെ എച്ച് ഐ/ ജെ പി എച്ചിന് ആയിരിക്കും. ചിട്ടയായ ഭവന സന്ദർശനവും ഗൃഹ പരിശോധനയിലൂടെ കണ്ടെത്തിയ രോഗികൾക്ക് തുടർചികിത്സയും സൂപ്പർവൈസർമാർ ഉറപ്പുവരുത്തുന്നു. **അതെ, നമുക്ക് കുഷ്ഠരോഗത്തിനെതിരെ പോരാടാം. കുഷ്ഠരോഗത്തെ ചരിത്രത്തിലേക്ക് മാറ്റാം.**

**ഡോ. ഷീജ എ. എൽ.**
ഡെപ്യൂട്ടി ഡയറക്ടർ, പൊതുജനാരോഗ്യം
& സ്റ്റേറ്റ് ലെപ്രസി ഓഫീസർ

# പറന്നുയർന്ന് മ്മ്ടെ കുട്ട്യോള്
## ലോക ഭിന്നശേഷി ദിനാചരണം




തൃശൂരിൽ നടന്ന ലോക ഭിന്നശേഷി ദിനാചരണം

**തൃശൂർ** : ഡിസംബർ 3 ലോക ഭിന്നശേഷി ദിനമായി ലോകമെമ്പാടും ആചരിക്കുന്നതിന്റെ ഭാഗമായി തൃശൂർ ജില്ലയിൽ ദിനാചരണം സംഘടിപ്പിച്ചു. സമൂഹത്തിലെ വിവിധ മേഖലകളിലെ ഭിന്നശേഷിക്കാരുടെ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ജില്ലാ പഞ്ചായത്ത് ആരോഗ്യസ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ റഹീം വീട്ടിപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. സംഗീത പ്രതിഭ നിരഞ്ജൻ. ആർ ഉജ്ജ്വല ബാല്യം 2023 സംസ്ഥാന അവാർഡ് ജേതാവ് അനസൂയ എന്നിവർ മുഖ്യാതിഥ്യം വഹിച്ചു. പരിമിതികളോടു പൊരുതി മാതൃക കാണിച്ച നിരഞ്ജൻ, അനസൂയ എന്നിവർ ആരോഗ്യവകുപ്പിന്റെ ആദരം ഏറ്റുവാങ്ങി. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സജീവ് കുമാർ. പി. സ്വാഗതം പറഞ്ഞു. ജില്ലാ ആർ.സി.എച്ച്. ഓഫീസർ ഡോ. ജയന്തി ടി.കെ വിഷയാവതരണം നടത്തി. വടക്കാഞ്ചേരി നഗരസഭാ ചെയർമാൻ പി.എൻ. സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ഓട്ടുപാറ ബസ്സ്റ്റാൻഡിൽ ആശാ പ്രവർത്തകരുടെ ശിങ്കാരിമേളം, വടക്കാഞ്ചേരി. വ്യാസ കോളേജ് എൻ.എസ്.എസ്. യൂണിറ്റ് വിദ്യാർത്ഥികളുടേയും, ആർ.ബി.എസ്.കെ. നഴ്സുമാരുടേയും ഫ്ളാഷ് മോബ് എന്നിവയോടെ പരിപാടികൾ ആരംഭിച്ചു. തുടർന്ന് ഡി.ഇ.ഐ.സി.യിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ റഹീം വീട്ടിപറമ്പിൽ 'നിരഞ്ജനം' വീഡിയോ ഡോക്യുമെന്ററി - ഓട്ടിസം തോറ്റ് പിൻമാറിയ നിരഞ്ജന്റെ സംഗീത യാത്ര സംബന്ധിച്ച വീഡിയോ പ്രകാശനം ചെയ്തു. ഉദ്ഘാടന ചടങ്ങിനു ശേഷം ഡോ.രവീന്ദ്രൻ ആചാര്യ വെൻട്രിലോക്കിസം വഴി കുഞ്ഞുങ്ങൾക്കായി കഥയിലൂടെ സന്ദേശം നൽകി. ശേഷം 'അച്ഛനും അമ്മയും ഞാനും' ഡി.ഇ.ഐ.സി.യിലെ ഗുണഭോക്താക്കളും മാതാപിതാക്കളും അവതരിപ്പിച്ച കലാപരിപാടികൾ, കുഞ്ഞുങ്ങളും മാതാപിതാക്കളും പങ്കെടുത്ത ഗെയിമുകൾ എന്നിവ നടന്നു. ഡി.ഇ.ഐ.സി.യിലെ 58 ഗുണഭോക്താക്കളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു. പങ്കെടുത്ത മുഴുവൻ കുഞ്ഞുങ്ങൾക്കും കുഞ്ഞു സമ്മാനങ്ങളും നൽകികൊണ്ടാണ് ദിനാചരണം അവസാനിപ്പിച്ചത്.

# മയിലാടുംപാറ– താഴം നഗര ജനകീയ ആരോഗ്യ കേന്ദ്രം മന്ത്രി വീണാ ജോർജ് നാടിനു സമർപ്പിച്ചു



മയിലാടുംപാറ –താഴം നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു

**പത്തനംതിട്ട** : നഗരസഭയിലെ മയിലാടുംപാറ -താഴം നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു. യോഗത്തിൽ നഗരസഭ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജെറി അലക്സ് അധ്യക്ഷത വഹിച്ചു. ആരോഗ്യ കേന്ദ്രത്തിൽ രാവിലെ മുതൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണമെന്ന നഗരസഭയുടെ ആവശ്യം പരിഗണിക്കുമെന്ന് മന്ത്രി പറഞ്ഞു. പത്തനംതിട്ട ജില്ലയിൽ വിവിധ നഗരസഭകളിലായി 10 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. ഇതിൽ പത്തനംതിട്ട നഗരസഭയിലെ വെട്ടിപ്പുറം നഗര ജനകീയ ആരോഗ്യ കേന്ദ്രവും, പന്തളം നഗരസഭയിലെ ഇടയാടി, മുടിയൂർക്കോണം എന്നീ കേന്ദ്രങ്ങളും മയിലാടുംപാറ-താഴം ഉൾപ്പെടെ പ്രവർത്തനം ആരംഭിച്ച ജില്ലയിലെ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം ഇതോടെ 5 ആകും. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ വിഹിതമായി പ്രാഥമിക പരിരക്ഷ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നഗരപ്രദേശങ്ങളിൽ നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂടുതൽ പ്രാഥമിക സൗകര്യങ്ങൾ പൊതുജനസംരക്ഷണത്തിന് ലഭ്യമാക്കുന്നതിനും കൂടുതൽ പ്രദേശങ്ങളിലേക്ക് ക്ലിനിക്കൽ സേവനങ്ങൾ എത്തിക്കുന്നതിനുമാണ് ഹെൽത്ത് & വെൽനെസ് സെന്ററുകൾ ആരംഭിക്കുന്നത്. നിലവിൽ ഉച്ചയ്ക്ക് 1 മണി മുതൽ 7 മണി വരെ ഡോക്ടർ ഉൾപ്പെടെയുള്ളവരുടെ സേവനം ലഭ്യമാകും. കെ.എം.എസ്. സി.എൽ മുഖേനയാണ് ആവശ്യമായ മരുന്നും, ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കുന്നത്. മൈലാടും പാറ- താഴം ജനകീയ ആരോഗ്യ കേന്ദ്രം യാഥാർത്ഥ്യമായതോടെ പത്തനംതിട്ട നഗരസഭയിലെ മറ്റു വാർഡുകളിൽ കൂടിയുള്ള ആയിരത്തിൽപരം കുടുംബങ്ങൾക്ക് ആരോഗ്യ കേന്ദ്രത്തിന്റെ പരിരക്ഷ ലഭിക്കും. ആരോഗ്യ കേന്ദ്രത്തിന്റെ ഭാഗമായി ആരോഗ്യപരമായ ഭക്ഷണം വ്യായാമം ശുചിത്വം തുടങ്ങിയവയുടെ പ്രാധാന്യം സാധാരണക്കാരിൽ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം രോഗപ്രതിരോധ പ്രവർത്തനങ്ങളും, പ്രാരംഭഘട്ട രോഗനിർണയ പരിശോധനകളും, പാലിയേറ്റീവ് പരിചരണം ഉൾപ്പെടെ വിവിധ സേവനങ്ങളും നൽകും. യോഗത്തിൽ നഗരസഭ ചെയർമാൻ അഡ്വ. ടി. സക്കീർ ഹുസൈൻ മുഖ്യപ്രഭാഷണം നടത്തി.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**കെ ജീവൻ ബാബു ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം
എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി
മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ സി (ഡിഭസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി (ഡിഭസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
അംഗങ്ങൾ
**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡിഭസി), ഇടുക്കി
**ഡാനി പ്രിയൻ**
കൺസൾട്ടന്റ് (ഡിഭസി), തൃശ്ശൂർ
**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡിഭസി), കോഴിക്കോട്
**വിനീഷ് സി ആർ**
കൺസൾട്ടന്റ്, കോട്ടയം
**വിനു എ**
കൺസൽട്ടന്റ് (ഡിഭസി), എറണാകുളം
**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡി ഭസി ) ആലപ്പുഴ
**വർഷ ജയപ്രകാശ്**
ജെ സി (ഡിഭസി), തിരുവനന്തപുരം
**പ്രീത എം**
ജെ സി (ഡിഭസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി (ഡിഭസി), മലപ്പുറം
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഭസി), കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഭസി), കാസർഗോഡ്
**നിജിൽ**
ജെ സി (ഡിഭസി), വയനാട്
**അജിത് കുമാർ പി.എ**
ജെ സി (ഡിഭസി), പത്തനംതിട്ട
**അശ്വിനി രവീന്ദ്രൻ**
ജെ സി (ഡിഭസി), കൊല്ലം
**ശ്രീദേവി കെ എസ്**
ക്ലർക്ക്, ഡി ഇ ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്




# കുഞ്ഞുമനസ്സുകളുടെ ആഘോഷമായി ശലഭസംഗമം

**ഇടുക്കി** : സർക്കാരിന്റെ ശലഭം പദ്ധതിയുടെ ഇടുക്കി ജില്ലാ ഗുണഭോക്താക്കളുടെ കുടുംബ സംഗമം ഇടുക്കി ഡാമിനോട് ചേർന്നുള്ള ഹിൽവ്യു പാർക്കിൽ നടത്തി. പ്രകൃതിയുടെ മനോഹരമായ മടിത്തട്ടിൽ നടത്തിയ ശലഭസംഗമം അക്ഷരാർത്ഥത്തിൽ കുരുന്നുകളുടേയും മാതാപിതാക്കളുടേയും ഉത്സവമായി മാറി. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.മനോജ് എൽ അദ്ധ്യക്ഷനായ ചടങ്ങ് ഇടുക്കി ജില്ലാ കളക്ടർ ഷീബാ ജോർജ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു.

ഒരേ സമയം വിനോദത്തിനും വിജ്ഞാനത്തിനും ഉതകുന്ന തരത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. സർക്കാറിന്റെ ശലഭം പദ്ധതിയ്ക്ക് കീഴിൽ വിവിധ സേവനങ്ങൾ ലഭ്യമാകുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായുള്ള കലാകായിക മത്സരങ്ങളോടൊപ്പം ഫലപ്രദമായ രക്ഷാകർത്തൃത്വം പ്രാവർത്തികമാക്കുന്നതിനു വേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ഗ്രൂപ്പ് ചർച്ചകളും ബോധവത്ക്കരണക്ലാസുകളും പദ്ധതിയുടെ ഭാഗമായി നടന്നു. കൂടാതെ ജില്ലാ കളക്ടർക്കൊപ്പം മാതാപിതാക്കൾക്ക് സംവദിക്കുന്നതിനുള്ള അവസരവും പരിപാടിയിൽ ഉണ്ടായി. ശലഭം പദ്ധതി മുഖേന ആരോഗ്യവകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ സേവനപദ്ധതികളുടേയും പ്രവർത്തനങ്ങളുടേയും അറിയിപ്പ് പൊതുജനങ്ങളിലേക്ക് എത്തിക്കുക ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. ഇടുക്കി ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുക എന്നതും ശലഭസംഗമത്തിന്റെ ലക്ഷ്യമായിരുന്നു. നവജാതശിശുകൾക്കും 18 വയസിൽ താഴെയുള്ള കുട്ടികളുടെ മുഴുവൻ ആരോഗ്യ പ്രശ്നങ്ങളുടെയും പരിശോധനയും ഏതെങ്കിലും തരത്തിലുള്ള വ്യതിയാനങ്ങൾക്കുള്ള ചികിത്സയും ലഭ്യമാകുന്നു. പീഡിയാട്രിഷൻ, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സ്പീച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ദന്തൽ സർജൻ ഉൾപ്പടെ വിവിധ സേവനങ്ങൾ ശലഭം പദ്ധതി മുഖേന ജില്ലയിൽ ലഭ്യമാണ്. ആരോഗ്യവകുപ്പിലെയും ഡി.ഇ.ഐ.സി.യിലേയും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്നു.